Appendix II.

Vide Answer to Question No. 140.

Confidential.

Chief Engineer's Office.
Trivandrum.

Dear Sir,

With reference to your confidential D. O. letter of 28th April 1937 I have consulted the other Division Officers *re* your proposals and have also discussed the same with Government with the result that it may now be laid down that (i) practising Vakils should not be allowed to take up contracts in the Department, and (ii) that members of the State Council and Legislative Assembly should not be given contracts unless there is some very special reason for which approval of higher authority must be first obtained.

Yours etc.,
(Sd.) G. B. E. Truscott.

To

S. Sesha Iyer Esq.

Division Officer, Nagercoil.

Gl. No. 763 dated 7-7-37.

Copy forwarded to other Division Officers for information and guidance with reference to his No.

(Sd.) G. B. E. TRUSCOTT,
Chief Engineer.

(True copy)

NOTICE OF ADJOURNMENT MOTION.

PRESIDENT: I have received notice of an adjournment motion from Mr. P. K. Kunju which is as follows:

> "I intend asking for leave to move for an adjournment of the business of the Assembly for the purpose of discussing a definite matter of urgent public importance, namely, the hardship and discontent caused by fixing a higher rate in Transport Buses than the Railway fare between Trivandrum and Quilon".

This is obviously out of order honourable member must have been aware that we are dealing now with the budget; and when the question of commercial transport comes up before the House for discussion, this matter about the fares can be taken up, agitated and all its *pros and cons* discussed. Secondly, as a matter of urgent public importance, this is not a matter of such a paramount importance that there can be no delay in the matter of agitation. Honourable members must know that this fare was fixed some weeks ago and no representation was made to Government then with regard to this. It appears to me that to allow a motion of this kind is to abuse the rules regarding motions for adjournment of the House. So I disallow the motion.

LIBRARY ARCHIVES Kerala Legislative Assembly

Yesterday 19 honourable members had taken part in the debate. At the commencement of the debate I mentioned that 12 speakers are to speak from the Nationalist party, 8 from the State Congress party and another 8 from the Independants. I now find that 7 from the Nationalist party, 6 from the State Congress party and 6 from the Independent party have already spoken. We have about 2 hours left in the morning and about 1½ hours in the afternoon. There are about 13 members, including the Government member to speak. Therefore I now propose to call 6 members from the Nationalist party, 3 from the State Congress party and 3 from the Independent party, as and when they catch my eye. I shall, as far as possible, call upon the members who represent the backward communities first. In view of what has been stated more than once on the floor of this House suggesting that the State is in a very bad financial condition and there will be nothing left in the Treasury and so on, I would ask the Financial Secretary to read out a statement which may help fur her discussion.

MR. K. J. CHERIYAN Sir, some of the honourable members do not appear to have clearly understood the statement I have made regarding the assets and liabilities of the State in para 46 of my speech. I shall endeavour to explain it a little more clearly. One criticism was that the figure 90·36 lakhs shown under Government Balance is incorrect. I must confess at the outset that the figure 90·36 given as a Government Balance is a mis-statement for Rs. 104·36 lakhs, which is made up of (1) amount shown under Government Account 16·03, (2) General Reserve Fund 60·54 lakhs (3) Revenue Reserve Fund 12 lakhs and (4) Sinking Funds to the extent of Rs. 15·79 lakhs. The Government Account has to its credit a sum of Rs. 16 03 lakhs. One reason why the account has gone down to this figure is the creation of the two reserve funds *viz.*, the General Reserve Fund and Revenue Reserve Fund which together amount to Rs. 72·55 lakhs. In the liability statement it will be noted that there are 2 debits to the extent of 14·75 lakhs on account of the 5 per cent Debenture Loan, one appearing under the Head Sinking Fund and the other under Loans. The repayment of this loan is provided for by an investment of the Sinking Fund to the full amount so that the Loan will be discharged from the fund available under investment. The further debit of Rs. 14·75 lakhs is therefore an amount available for addition to the Government account when the loan is discharged.

In regard to the 3½ per cent. Loan, the total amount repayable by the Government is Rs. 50·89 lakhs, but the amount of Rs. 1·04 lakhs is also treated as a liability, which is the accumulated sinking fund, created for the discharge of that loan. Obviously our real liability is only Rs. 50·89 lakhs. The amount of the sinking fund is not an extra liability and it is therefore proper to treat it as a part of the Government Account. It is for this reason that I have said that the real Government Account Balance amounts to Rs. 104 lakhs. In the last sentence of that para, I have said that our liquid assets over and above the surplus investment amount to more than Rs. 100 lakhs. A

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. J. Cherian.]

careful reading of the statement of assets will show that this figure has been arrived at by including the Reserve investment of Rs. 60·55 lakhs and our cash balance of Rs. 40·97 lakhs.

MR. T. T. KESAVAN SASTRI (*Nominated*): സർ, ചെലവിനങ്ങൾ നീക്കി മിച്ചംകാണിച്ചുകൊണ്ടുള്ള ഈ ബഡ്ജറിന്റെ പേരിൽ ഫിനാൻഷ്യൽ സെക്രട്ടറി അവർകളെ ഞാനും അഭിനന്ദിച്ചുകൊള്ളുന്നു. ബഡ്ജറു് ആദ്യന്താ സൂഷ്മമായി പരിശോധിച്ചിട്ടുള്ളവക്കു നിശ്ചയമായും ഈ വിഷയത്തിൽ ഫിനാൻഷ്യൽ സെക്രട്ടറിയെ അഭിനന്ദിക്കാതിരിക്കാൻസാധിക്കയില്ല. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ചു പല പുതിയ പദ്ധതികൾക്കും ബഡ്ജറിൽ വിഭജനം നൽകിയിട്ടുണ്ടു്. വിശേഷിച്ചു ഗ്രാമീണ പുനരുദ്ധാരണത്തിനുകൂടി മൂവായിരം ഉറുപ്പിക നീക്കി വച്ചിട്ടുണ്ടു്. ഈ പുതിയ പദ്ധതിയിൽ ഗവണ്മെൻറിനെ കീർത്തിക്കുവാൻ എനിക്കു സന്തോഷമുണ്ടു്. തിരുവിതാംകൂറിലെ അനവധി ഗ്രാമങ്ങളെക്കുറിച്ചും അവയുടെ പുനരുദ്ധാരണത്തെക്കുറിച്ചും ഓർക്കുമ്പോൾ ഈ മൂവായിരം രൂപാ കേവലം പരിമിതമായിപ്പോയെന്നെയുള്ളൂ. ഗവണ്മെൻറു ഈ വിഷയത്തിൽ സമാരംഭിച്ചിട്ടുള്ള താൽപ്പര്യവും ശ്രദ്ധയും ഈ പദ്ധതിയുടെ പുരോഗമനത്തിനു് സഹായമാകാതിരിക്കയില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഗ്രാമീണജനങ്ങളുടെ ആശ്വാസത്തിനും വിശ്വാസത്തിനും ഈ പ്രവർത്തനം ഗണ്യമായ സഹായംതന്നെയാണു്. കർഷകരും സാമാന്യജനങ്ങളും ധാരാളമായി പാർക്കുന്ന നമ്മുടെ ഗ്രാമപ്രദേശങ്ങളെ എത്രസംഖ്യ ചെലവുചെയ്തും പുനരുദ്ധരിക്കേണ്ടതാവശ്യംതന്നെയാണു്. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ മുതലെടുപ്പും ചെലവും സൂക്ഷിച്ചതിൽ നമുക്കു അഭിമാനിക്കത്തക്കവിധത്തിൽ രാജ്യത്തിന്റെ സാമ്പത്തികനില നന്നായിനന്നായിത്തന്നെ കാണുന്നുണ്ടെന്നുള്ളതു നിസ്തർക്കമാണല്ലൊ. പള്ളിവാസൽ ഹൈഡ്രോഇലക്ട്രിക്, ട്രാൻസ്പോർട്ടു് മുതലായ പുതിയപ്രസ്ഥാനങ്ങൾ തികച്ചും ലാഭകരവും പ്രയോജനപ്രദവുമായിത്തീരുമെന്നു ഗവണ്മെൻറു ആഗ്രഹിക്കുന്നു. ട്രാൻസ്പോർട്ടിന്റെ ചുരുങ്ങിയ കാലത്തെവരുമാനവും ലാഭവും ഇതിനു തെളിവാണു്. ഈ പദ്ധതിയെ ആശങ്കയോടുകൂടി വീക്ഷിച്ചവർക്കുകൂടി ഇപ്പോൾ സന്തോഷത്തിനിടയായിട്ടുണ്ടു്. അതുപോലെ ഇലക്ട്രിക് സ്കീമും വിജയത്തിലാകാതിരിക്കാനിടയില്ല. ഇലക്ട്രിക് പദ്ധതി പൂർത്തിയായാൽ നമ്മുടെ രാജ്യത്തെ വ്യവസായങ്ങളെല്ലാം ശരിയായി നടത്താനും ഇതിലുമധികം അഭിവൃദ്ധി വരുത്താനും സാധിക്കും. അതിനാൽ വിവിധാഭിപ്രായങ്ങൾക്കു് ഇടയാക്കുന്ന പള്ളിവാസൽ പദ്ധതിയേയും സ്വാഗതം ചെയ്യുവാൻ ഈ അവസരം ഞാൻ ഉപയോ

LIBRARY ARCHIVES Kerala Legislative Assembly

ഗിക്കുകയാകുന്നു. പിന്നൊന്ന്, സകലരും അഭിനന്ദിക്കുന്ന തിരുവിതാംകൂർ സർവകലാശാലയാണ്. സർവകലാശാലയുടെ അഭിമുഖ്യത്തിൽ വ്യവസായ സംരക്ഷണത്തിനു വേണ്ടതു ചെയ്യുവാൻപോകുന്നു എന്നറിയുന്നതിലും എനിക്കു സന്തോഷമാണുള്ളതു്. എട്ടുലക്ഷം രൂപാ ഇതിലേക്കു നീക്കിവച്ചിട്ടുള്ളതു ഒട്ടും അധികമല്ലാ. ഒന്നാമത്താൽ പ്രാരംഭത്തിൽത്തന്നെ സർവകലാശാലക്കു് ഡൊണേഷൻവഴിയായും മറ്റും ഭീമമായ സംഖ്യനൽകി അനവധി ആളുകൾ അഭിനന്ദിച്ചിട്ടുള്ളതാണല്ലൊ. പൊതുവെ ഡിപ്പാർട്ടുമെൻറുകളെക്കുറിച്ചും ചെലവുകളെക്കുറിച്ചും ഒന്നും ഞാനിപ്പോൾ പറയുന്നില്ല. ബഡ്ജറിൻെറ രീതിയും ഇനങ്ങളും എല്ലാം ഞാൻ സബഹുമാനം അഭിനന്ദിക്കുകയാണു്. സർ, ഇനിയും എനിക്കു പ്രത്യേകിച്ചു് പറയുവാനുള്ളതു പിന്നോക്കസമുദായ സംരക്ഷണത്തെക്കുറിച്ചാണു്. കഴിഞ്ഞകൊല്ലങ്ങളെക്കാൾ ഇക്കൊല്ലം ഇതിനു ബഡ്ജറിൽ കൂടുതൽ തുക നീക്കിവച്ചിരിക്കുന്നതു സന്തോഷപ്രദംതന്നെ. ൧൯൩൫-ൽ ൧൫,൦൦൦ രൂപായും ൧൯൩൬-ൽ ൨൦,൦൦൦ രൂപായും ആയിരുന്നതു ൧൯൩൭-ൽ ൪൦,൦൦൦ രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഈ ഉചിതകൃത്യത്തിൽ ഞാൻ ഗവണ്മെൻറിനേയും ഫിനാൻഷ്യൽ സെക്രട്ടറിയേയും കൃതജ്ഞതാപൂർവ്വം അഭിനന്ദിച്ചുകൊള്ളുന്നു. പിന്നോക്കസമുദായക്കാർ എന്നു പറയുന്നവർ, വിദ്യാഭ്യാസത്തിലും ധനത്തിലും സാമൂഹിക നിലയിലും ഉദ്യോഗവിഷയത്തിലും രാഷ്ട്രീയ വിഷയത്തിലും ഏതുവേണ്ടൊ സകലതിലും തന്നെ മറ്റുള്ളവരെ അപേക്ഷിച്ചു വളരെ വളരെ അകലെയാണു് ഇന്നു സ്ഥിതിചെയ്യുന്നതു്. ഗവണ്മെൻറിൻെറ ദാക്ഷിണ്യം ഇവരെ പൂർവ്വാധികം പ്രബുദ്ധരാക്കിയിട്ടുണ്ടു്. സുപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരം ഇവരുടെ ഉന്നമനത്തിനു ജീവൻനൽകിയിട്ടുണ്ടു്. നന്നാകാൻ പരക്കെ ആഗ്രഹവുമായി. ഈ അപാരമായ സഹായത്തിൽ മഹാരാജാവു് തിരുമനസ്സിലെ നേക്കു് ഇവരെത്രയോ കേതിയുള്ളവരായിട്ടാണു കഴിയുന്നതു്. ഇവരുടെ ഉന്നമനത്തിൽ ഗവണ്മെൻറു സദയം കൈക്കൊണ്ടിട്ടുള്ള നയത്തെ എതിർക്കുന്നവർ ഇന്നാരുമില്ല. സകല കക്ഷികളും ഒരുമിച്ചു താൽപ്പര്യം പ്രകടിപ്പിക്കുന്നതും പിന്നോക്കസമുദായ സംരക്ഷണത്തെയാണു്. വിദ്യാഭ്യാസത്തിലും ധനസമ്പാദനത്തിലും ഇവക്കു പ്രോത്സാഹനം വേണം. സ്വന്തമായി കൃഷിചെയ്തു ഉപജീവനം കഴിക്കാൻ ഭൂമിവേണം. പഠിച്ചു മുൻപോട്ടു വരുന്നവക്കു യോഗ്യതാനുസരണം സർക്കാർഉദ്യോഗം നൽകണം. ഇങ്ങിനെയെല്ലാമായാൽ ഗവണ്മെൻറിൻെറ സഹായം സഫലമായിത്തീരും. ഈ അവസരത്തിൽ ഗവണ്മെൻറു പിന്നോക്കസമുദായ സംരക്ഷണത്തിൽ ചെയ്തു-

LIBRARY ARCHIVES Kerala Legislative Assembly

[T. T. Kesavan Sastri]

ട്ടുള്ള സഹായങ്ങളെ അനുസ്മരിക്കാതിരിക്കുന്നില്ല. താമസസൗകര്യത്തിനുവേണ്ടി കാളനികളും ആരാധനകൾക്കും പൊതു ആവശ്യങ്ങൾക്കുമായി കാമൺ ബിൽഡിംഗുകളും, കിണറുകളും, ശ്മശാനങ്ങളും, വ്യവസായശാലകളും മുതലായവ ഉണ്ടാക്കുവാൻ ശ്രദ്ധിക്കുന്നതു ഗണ്യമായ സഹായമാണ്. ഈ സഹായങ്ങളും പൊതുവായ സഹായങ്ങളെ ആകുന്നുള്ളൂ. വ്യവസായത്തിലും കർഷകവൃത്തിയിലും ഉയർച്ച ഉണ്ടാക്കത്തക്കവിധത്തിൽ പ്രത്യേകം പ്രത്യേകം വേണ്ട രക്ഷകൂടി അത്യാവശ്യമാണ്. വിദ്യാഭ്യാസവിഷയത്തിൽ ഫീസാനുകൂല്യവും, ഹൈസ്കൂൾ ക്ലാസ് വിദ്യാർത്ഥികൾക്കും കാളേജ്ക്ലാസു വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് ധനസഹായവും തരംകേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനും മൂന്നും നാലും ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു പുസ്തകസഹായത്തിനും അടുത്ത അവസരത്തിൽ അനുവദിച്ച ൪ ൦ ൦ ൦ ഉറുപ്പികയെക്കുറിച്ചും, ഞാൻ ഓർക്കാതിരിക്കുന്നില്ല. സംരക്ഷണവകുപ്പിലേക്കു സദയം അനുവദിക്കുന്ന സംഖ്യകളും പ്രതിവർഷം ലാപ്സാകാതെ വേണ്ടവിധത്തിൽ ചെലവാക്കി ഇവരെ സഹായിക്കുന്ന കാര്യത്തിൽ ഗവണ്മെൻറും സംരക്ഷണവകുപ്പും ശ്രദ്ധിക്കേണ്ടതുണ്ട്. അവശസമുദായ സംരക്ഷണവകുപ്പിന്റെ അദ്ധ്യക്ഷനായ മി. ചന്ദ്രശേഖരനും (പ്രൈവൈസ് ചാൻസിലർ) പ്രൊട്ടക്ടർ മി. സി. ൫. ദാമോദരനും ഇതിൽ വളരെ താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്ന് എനിക്കു പ്രസ്താവിക്കുവാൻ സന്തോഷമുണ്ട്. അവശസമുദായക്കാരിൽ തന്നെ കൂടുതൽ അവശതയുള്ളവരെനോക്കി കൂടുതൽ സഹായിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പിന്നോക്കസമുദായക്കാർ നടത്തുന്ന ഹോസ്റ്റലുകൾക്ക് ഗ്രാൻറു നൽകിവരുന്നതു പ്രയോജനപ്രദമാണ്. ഇവിടത്തെ ഹരിജൻ ഹോസ്റ്റലിനു പ്രതിവർഷം ഓരോ നല്ലസംഖ്യ ഗ്രാൻറിനത്തിൽ നൽകുന്നുണ്ട്. വിദ്യാഭ്യാസത്തിലുള്ള ഉയർച്ചകൊണ്ടല്ലാതെ പിന്നോക്കസമുദായക്കാർ നിശ്ചയമായും അഭിവൃദ്ധിയിലാകാനിടയില്ല. പ്രതിവർഷം ഈ സംരക്ഷണ വകുപ്പിനു അനുവദിക്കുന്ന സംഖ്യയുടെ പകുതിവീതമെങ്കിലും ഇവരുടെ സ്ഥായിയായ അഭിവൃദ്ധിക്കുവേണ്ടിചെലവു ചെയ്യുന്നതിലും, കഴിയുന്നതും സംരക്ഷണജോലികൾ നടത്തുന്നതിന് പിന്നോക്കസമുദായത്തിൽപെട്ടവരും യോഗ്യതയുള്ളവരുമായ ആളുകളെത്തന്നെ നിയമിക്കുന്നതിലും ഗവണ്മെൻറിന്റെ ശ്രദ്ധപതിയേണ്ടതാണ്. വലിയ ശമ്പളങ്ങൾ നൽകി ഇതിലേക്ക് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനേക്കാൾ അണറേറിയം നൽകി പിന്നോക്കസമുദായങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പെട്ടവരെത്തന്നെ നിയമിച്ചു വേണ്ടതു ചെയ്യുന്നതു് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഗവണ്മെന്റു് എത്രയും വേഗത്തിൽ ചെയ്യേണ്ട ചില പ്രധാന സംഗതികളാണ് ഇനിയും എനിക്കു ഗവണ്മെന്റിന്റെ സവിശേഷമായ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു്. ഒന്നാമതു്, കൃഷിക്കും താമസത്തിനും സ്വന്തഭൂമിയില്ലാത്ത സാധുക്കൾക്കു പിന്നോക്ക സമുദായാംഗങ്ങൾക്കു് റിസർവുകളിൽനിന്നും ഒഴിച്ചും സംരക്ഷണവകുപ്പിൽനിന്നും വിലകൊടുത്തു വാങ്ങിച്ചും ക്രമേണ എങ്കിലും ഭൂമി നൽകി സഹായിക്കണം. രണ്ടാമതു് പരീക്ഷാവിജയികളാകുന്ന പിന്നോക്കസമുദായക്കാരെ കുറഞ്ഞതു ഏതു വർഷക്കാലത്തേക്കെങ്കിലും പബ്ലിക്കുസർവീസ് കമ്മിഷനിൽനിന്നും ഒഴിവാക്കി നിർബന്ധമായി സർക്കാർ ജോലികൾ നൽകി പ്രോത്സാഹിപ്പിക്കണം. മൂന്നാമതു അവശസമുദായക്കാരുടെ വ്യവസായ സ്ഥാപനങ്ങൾക്കും മറ്റും വേണ്ട പ്രോത്സാഹനം നൽകണം. ക്രമേണ കാളനികൾ, കാമൺ ബിൽഡിംഗുകൾ, ശ്മശാനങ്ങൾ, വ്യവസായശാലകൾ തുടങ്ങി വേണ്ട സഹായങ്ങളെല്ലാം തുടർന്നു ഇനിയും ചെയ്യണം. വിശേഷിച്ചു് എല്ലാ പ്രധാന പട്ടണങ്ങളിലും ഓരോ കാമൺബിൽഡിംഗുകൾ സ്ഥാപിക്കണം. അവശസമുദായാംഗങ്ങളുടെ നിസ്സഹായനിലയെല്ലാ പട്ടണങ്ങളിലും വളരെ അധികമാണ്. ഈ സങ്കടം പരിഹരിക്കുന്നതിലേക്കു ഗവണ്മെന്റും അവശസമുദായ സംരക്ഷണവകുപ്പും എത്രയും വേഗത്തിൽ സദയം വേണ്ടതു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. സർ, ഇനിയും ഞാൻ പറയുന്നതു പൊതുവെ ഹരിജൻ ഹോസ്റ്റലുകളെക്കുറിച്ചാണു്. ഹോസ്റ്റലുകൾ പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കു് പ്രയോജനപ്പെടുന്നുണ്ടു്. ഈ ഹോസ്റ്റലുകൾ ഗവണ്മെന്റു നേരിട്ടു് ഏറ്റെടുത്തു നടത്തുന്നതു വളരെ സഹായമായിരിക്കും. അവശസമുദായ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന പഠിപ്പും ശിക്ഷണവും തുച്ഛമായിരിക്കും അവരുടെ ഉന്നമനത്തിനു സഹായമായിത്തീരുന്നതു്. അതിനാൽ തിരുവനന്തപുരം ഹരിജന ഹോസ്റ്റൽ എങ്കിലും എത്രയുംവേഗത്തിൽ ഗവണ്മെന്റു ഏറ്റെടുത്തു നടത്തുകയും ഉന്നതവിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും വിദ്യാർത്ഥികൾക്കു താമസസൗകര്യവും ആഹാരസൗകര്യവും നൽകി പിന്നോക്ക സമുദായസംരക്ഷണം നടത്തുവാൻ അപേക്ഷിക്കയും ചെയ്തുകൊണ്ടു് ഈ പ്രസംഗം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

SRIMATI T. NARAYANI AMMA (*Nominated*): Sir, the budget for 1114 presented by the Financial Secretary may be said to mark a new epoch in respect of the State's finance, and the speech made by him

LIBRARY ARCHIVES Kerala Legislative Assembly

[Srimati T. Narayani Amma.]

in introducing the budget and the statement made by the Dewan at the joint sitting of the two Houses serve to clarify the financial position of the State and to explain the Government's policy with regard to several important questions. I say advisedly that the budget marks a new epoch in respect of the financial position of the State, not only because of the fact that the revenue estimate which is estimated at 261·41 lakhs, is the highest on record, but also because this increase has taken place without resort to any fresh taxation. Then again, it is according to a conservative estimate that the revenue is put at the above figure, while as a matter of fact, Government expect not less than Rs. 265 lakhs by way of revenue. It is very gratifying to note that, even after allocating liberal funds in proportion to the increasing demands of our progressive administration, we are going to have a surplus of Rs. 1,43,000. Added to this is an aggregate sum of Rs. 88,19,000 provided for the budget, for capital sechemes undertaken by the Government such as Water Supply, the Drainage, the Pallivasal Hydro-electro scheme, Trunk Telephone, Broad-Casting, and Commercial Transport. The investment which will be operated on to finance the capital schemes and which will keep in view the maintenance of adequate balances in the Government Treasuries and in approved banks is estimated to stand at 250·29 lakhs at the close of the next year while the closing cash balance is expected to amount to 41 lakhs of rupees. It will thus be seen that there is every justification for the statement made by the Financial Secretary that the financial position of the State is sound and thoroughly satisfactory, and those who have been responsible for such sound financial position deserve to be heartily congratulated. In this connection the Government's policy has been explained by the Dewan who has pointed out that object of raising the revenue is not for the pleasure of doing so but for the purpose of securing the greatest good to the greatest number and enhancing the prosperity of the State. This principle has been well kept in view in framing the budget, as is evidenced by the various new schemes which have been provided for.

The experiments that are being undertaken by the Director of Development for the utilisation of the forest resources of the State have already yielded gratifying results and we can reasonably hope that there will be a substantial increase in our forest revenue.

It is a matter for gratification, Sir, that increased allotments have been made for almost all departments. A provision of Rs. 8 lakhs is proposed for our new University, which it is confidently hoped enters on a new era of progress and achievement. Referring to the budget for industries one is sorry to find that provision has not been made specifically for the development of Cottage Industries as such, although provision has been made for some minor industries transferred from the Department of Industries.

Under Co-operation, the provision made for propaganda work will, I am sure, be very much appreciated. But, it appears to me, that

LIBRARY ARCHIVES Kerala Legislative Assembly

larger allotments ought to have been made for the appointment of more Co-operative Inspectors and Organisers in order that some ladies also might be appointed in both these capacities. I make special reference to this matter because, as has been observed in the Devadhar Committee Report, the co-operative movement has not made much headway in Travancore among women.

Coming to the Departments of Medicine, Public Health and Sanitation, I am sorry to find that the increased allotments made are not commensurate with the usefulness of these departments. I wish to point out that larger allotments ought to have been made for the appointment of more lady doctors, lady vaidyans, midwives and nurses. If, even with the present allotment that can be done, I for one would be satisfied. In conclusion, I heartily congratulate the framers of the budget for what has been rightly characterised by the Dewan as its lucidity and thoroughness, and for the hopeful and bright results disclosed by it. I am sure the plea for co-operation made by the head of the administration will, I am sure, find an enthusiastic and all round response.

MR. P. C. ADICHAN (*Nominated*) : സർ, ഒരു പക്ഷേ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറിനെ സംബന്ധിച്ച് ഒരു നിശിതനിരൂപണം ചെയ്യുകയെന്നുള്ളതു് അസാദ്ധ്യമാണെങ്കിലും അവശസമുദായത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകയെ സംബന്ധിച്ച ചില സംഗതികൾ പ്രസ്താവിക്കാമെന്നുമാത്രമെ ഞാൻ വിചാരിക്കുന്നുള്ളൂ. മുന്നാണ്ടുകളെ അപേക്ഷിച്ച് അവശസമുദായങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവണ്മെൻറ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകാണുന്നതു് പ്രശംസാർഹമാത്ര്യജനകം തന്നെ. ഈയാണ്ടത്തെ ബഡ്ജറിൽ ആകെ നാൽപ്പതിനായിരം രൂപ അവശസമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടു്. ഇതിൽ പതിനായിരം രൂപ അവശസമുദായകാളനികളിൽ അവർക്കു താമസിക്കുന്നതിനു വീടുകൾ കെട്ടിക്കൊടുക്കുന്നതിനാണു്. ഇതിനെ സംബന്ധിച്ചു് ഒന്നുരണ്ടു വാക്കുകൾ പറയേണ്ടതു് അത്യാവശ്യമാണെന്നു ഞാൻവിചാരിക്കുന്നു. നാലായിരം രൂപ മൂന്നും നാലും ക്ലാസുകളിൽ പഠിക്കുന്ന അവശസമുദായത്തിൽപ്പെട്ട കുട്ടികൾക്കു പുസ്തകങ്ങൾ വാങ്ങുന്നതിനാണു നീക്കിവച്ചിട്ടുള്ളതു്. തിരുവിതാംകൂറിൻറെ തെക്കെ അറ്റംമുതൽ വടക്കെ അറ്റം വരെ നോക്കിയാൽ കൂലിവേലക്കു കിട്ടുന്ന കൂലി വ്യത്യസ്ഥമായിക്കാണാം. പട്ടണങ്ങളോടടുത്ത സ്ഥലങ്ങളിൽ കൂലിവേലക്കു് നാലും, ഞാറും, എട്ടും, പന്ത്രണ്ടും അണ കൂലികിട്ടുമെങ്കിലും പട്ടണങ്ങളില്ലാത്ത മദ്ധ്യതിരുവിതാംകൂറിലെ മുന്നാലു താലൂക്കുകളിൽ പുരുഷനു ഒന്നര നെല്ലും സ്ത്രീക്കു ഇടങ്ങഴിനെല്ലും മാത്രമെകൂലികിട്ടുന്നുള്ളൂ. ഈ ഇടങ്ങഴിയും ഒന്നരയും നെല്ലു് കൂലിവാങ്ങിക്കുന്നയാളു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

കഠിക്ക് നാലൊ അഞ്ചൊ മക്കളുണ്ടായിരിക്കാം. ഈ ക്കൂലികൊണ്ട് അവരുടെ ആഹാരസാധനങ്ങളും വാങ്ങിക്കുക, മറ്റാവശ്യങ്ങളും നടത്തുക ഇവയ്ക്കുതന്നെ മതിയാകാതാണിരിക്കുന്നത്. അതോടുകൂടി അവരുടെ കുട്ടികൾക്കു പുസ്തകവും അവർതന്നെ വാങ്ങിച്ചുകൊടുക്കണമെന്നു വന്നാൽ അവർ എന്തു ചെയ്യും. അതുകൊണ്ടു കുട്ടികളെ പഠിപ്പിക്കണം എന്നുള്ള ആഗ്രഹംതന്നെ അവർക്കില്ലാതായിട്ടുണ്ട്. അതിനാൽ ക്കൂലി കുറവായികിട്ടുന്ന സ്ഥലങ്ങളിലെല്ലാം ഒന്നും രണ്ടും ക്ലാസുകളിൽ പഠിക്കുന്ന അവശസമുദായ കുട്ടികൾക്കു പുസ്തകങ്ങളും വാങ്ങിക്കൊടുക്കുന്ന വിഷയത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പ്രത്യേം പതിയണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതുകൂടാതെ, ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും പുസ്തകങ്ങളും വാങ്ങിക്കൊടുത്തു് ഗവണ്മെൻറ് സഹായിക്കണം. കഴിഞ്ഞ ഒന്നരണ്ടു മാസങ്ങൾക്കു മുൻപു ഞാൻ തന്നെ പ്രൊട്ടക്ടരെ കണ്ടു ഒന്നും, രണ്ടും, അഞ്ചും, ആറും, ഏഴും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു പുസ്തകങ്ങളും വാങ്ങിക്കൊടുക്കുന്നതിനായി അഞ്ഞൂറു കുട്ടികളുടെ അപേക്ഷ കൊടുത്തു. അദ്ദേഹം ഫണ്ടില്ലാ എന്നാണു സമാധാനം പറഞ്ഞത്. അതു അദ്ദേഹത്തിന്റെ കുറ്റമല്ല. അതിനാൽ അദ്ദേഹത്തിനെക്കൊണ്ടു ഫണ്ടില്ലാ എന്നുപറയിക്കാതിരിക്കത്തക്കവണ്ണംവേണ്ട ധനസഹായം ഗവണ്മെൻറു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഹരിജനഹോസ്റ്റലിനു നാലായിരം രൂപ നീക്കിവച്ചിട്ടുള്ളതിനു ഞാൻ ഗവണ്മെൻറിനെ അഭിനന്ദിച്ചുകൊള്ളുന്നു. തിരുവനന്തപുരത്തു ഹരിജനഹോസ്റ്റൽ സ്ഥാപിച്ചു നടത്തുന്നതുകൊണ്ടു അവശസമുദായങ്ങൾക്കു് അഭിവൃദ്ധി ഉണ്ടെങ്കിലും അതുകൊണ്ടു മാത്രമായില്ലാ എന്നാണു് എനിക്കു പറയുവാനുള്ളതു്. അതിനാൽ തിരുവിതാംകൂറിന്റെ വടക്കും മദ്ധ്യത്തും തെക്കും ആയി മൂന്നു സ്ഥലങ്ങളിൽ ചെറിയ തുകകൾ ചെലവാക്കിയെങ്കിലും മൂന്നു ഹരിജനഹോസ്റ്റലുകൾ കൂടിസ്ഥാപിച്ചു തരണമെന്നു ബഹുമാനപ്പെട്ട ഗവണ്മെൻറിനെ ഞാൻ അറിയിച്ചുകൊള്ളുന്നു. തിരുവനന്തപുരത്തു നടത്തുന്ന മഹിളാമന്ദിരത്തിൽ തന്നെ ഒരു ഹരിജന ബാലികാമന്ദിരം നടന്നുവരുന്നുണ്ട്. ഈ ഹരിജനബാലികമാർക്കു തന്നെ അക്കോമഡേഷൻ ഇല്ലയെന്നു കേൾക്കുന്നു. അവർക്കു് ആളൊന്നിനു മൂന്നു രൂപ വീതം ഗവണ്മെൻറു ചെലവുചെയ്യുന്നുണ്ടു്. അതിലേക്കു ഗവണ്മെൻറിനോടുള്ള നന്ദിയെ ഞാൻ പ്രകടിപ്പിച്ചുകൊള്ളുന്നു. എന്നാൽ ഇതിനെ സംബന്ധിച്ചു് ഒരു കാര്യം എനിക്കു പറയുവാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. സ്ഥലസൗകര്യമില്ലാത്തതുകൊണ്ടു അവരെല്ലാം ഒരു മുറിയിലാണു കിടന്നുറങ്ങുന്നതു്. അതിനാൽ അവക്കു കൂടുതൽ മുറി ഉണ്ടാക്കി സ്ഥല സൗകര്യം വർദ്ധിപ്പിക്കയും അവക്കു ഇപ്പോൾ കൊടുത്തുവരുന്ന മുന്നു രൂപായിൽ നിന്നും കുറെയെങ്കിലും കൂട്ടികൊടുക്കാൻ സാധിക്കുമെങ്കിൽ അതു കൊടുപ്പിക്കയും ചെയ്യണമെന്നും ഞാൻ ഗവണ്മെൻറിനോടു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ഇനി ഫീസു സൗജന്യത്തെ കുറിച്ചാണു് എനിക്കു് ഒന്നുരണ്ടു വാക്കുകൾ പറയുവാനുള്ളതു്. സാധാരണ അവശസമുദായക്കാർക്കു് എണ്ണതേച്ചു കുളിക്കാനൊ ആഹാരം കഴിക്കാനൊ നിവൃത്തിയില്ല. പള്ളിക്കൂടത്തിന്നെ രണ്ടും, മൂന്നും, നാലും മൈൽ അകലെയാണു്. കാലത്തെ എഴിച്ചു് കുറെ കഞ്ഞിവെള്ളവും കുടിച്ചുകൊണ്ടു ഇരുപതും മുപ്പതും നടന്നു പള്ളിക്കൂടത്തിലെത്തുമ്പോൾ കുടിച്ച കഞ്ഞിവെള്ളമെല്ലാം പോയിക്കഴിയും. പിന്നീടു പട്ടിണികിടന്നാണു് അവർ പഠിക്കുന്നതു്. ഇങ്ങനെയുള്ള കുട്ടികൾ മിക്കവാറും തോൽക്കുകയാണു പതിവു്. അതു് അവരുടെ കുറവാണെന്നു ഞാൻ സമ്മതിക്കുന്നില്ല. പഠിക്കാത്തതുകൊണ്ടാണു തോറ്റുപോകുന്നതെന്നു മറ്റുള്ളവർ ഒരു പക്ഷേ പറയുമായിരിക്കാം. എന്നാൽ ഞാൻ പറയുന്നതു അവരുടെ പരിതസ്ഥിതികൾ അതിനനുവദിക്കാത്തതുകൊണ്ടാണെന്നാണു്. അതിനാൽ ഒരു കൊല്ലം തോൽക്കുന്ന കുട്ടികൾ ഫീസുകൊടുക്കണമെന്നുള്ള രീതി അവശസമുദായക്കാരെ സംബന്ധിച്ചിടത്തോളം ഞാൻ മുൻപുപറഞ്ഞ കാരണങ്ങളാൽ മാറ്റി വേണ്ടസൗജന്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകണം.

നാലും അഞ്ചും മൈൽ അകലെനിന്നു പള്ളിക്കൂടങ്ങളിൽ വരുന്ന അവശ സമുദായത്തിലുള്ള കുട്ടികൾ ഉച്ചപ്പട്ടിണി കിടക്കുന്നതായി എനിക്കറിയാം. ആ സ്ഥലങ്ങളിൽ ചെറിയതുക ചെലവാക്കി ഉച്ചക്കു് കുറെ കഞ്ഞിവെള്ളമെങ്കിലും കൊടുക്കുന്നതിനു വേണ്ട സഹായം ഗവണ്മെൻറു ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണു്.

മുന്നു അവശസമുദായകാളനികൾ സ്ഥാപിക്കാൻ ഗവണ്മെൻറു ജോലി ചെയ്യുന്നുണ്ടു്. ഇതിനെസംബന്ധിച്ചു ഒരു സംഗതി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒരു കോളനിയിൽ അൻപതു കുടുംബങ്ങൾ ഉണ്ടായിരുന്നാൽ ഓരോ കുടുംബത്തിനും ഒരു ചെറിയ കെട്ടിടവും ഒരു ചെറിയ മുറ്റവും കന്നുകാലികൾ ഉണ്ടെങ്കിൽ കെട്ടുവാനുള്ള സ്ഥലവും ആവശ്യമാണു്. ഇതിനും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P.C. Adichan.]

പുറമെ മലമൂത്രവിസർജനം ചെയ്യുന്നത് കണ്ടമാനം താഴ്ന്ന സ്ഥലങ്ങളിലാണ്. കോളനികളിൽ താമസിക്കുമ്പോൾ ഇങ്ങനെ മലമൂത്രവിസർജനം ചെയ്യുന്നത് ശരിയായിരിക്കയില്ല. അതിനാൽ അതിനുപ്രത്യേകമായ മറപ്പുരയുണ്ടാക്കണം. കൊച്ചിയിൽ കാളനിയിലുള്ള ഒരു കെട്ടിടത്തിനു എഴുപത്തഞ്ചു രൂപ ചെലവാക്കുന്നുണ്ട്; കെട്ടിടം ഗവണ്മെൻറുതന്നെ ഉണ്ടാക്കിക്കൊടുക്കുന്നു. അതിനാൽ ഗവണ്മെൻറ് ഈ വിഷയത്തിൽ ക്രൂരതൻ ശ്രദ്ധപതിപ്പിച്ച് അവശസമുദായക്കാർക്കു നല്ല നല്ല കെട്ടിടങ്ങൾ കെട്ടി കൊടുത്തു സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

ഏനാദിമംഗലം സെറിൽമെൻറിനു കഴിഞ്ഞകൊല്ലത്തെ ബജഡ്റിൽ പ്രൊവിഷനുണ്ടായിരുന്നു. എന്നാൽ ഇതുവരെയായും അവിടെ ഒന്നുംതന്നെ ചെയ്തിട്ടില്ലാ എന്നു സ്വദേശിയായ എനിക്കറിയാം. അവിടെ ധാരാളം സ്ഥലമുണ്ട്; ധാരാളം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലവുമാണത്. അവിടെ ഒരു കോളനിവന്നുകഴിഞ്ഞാൽ വളരെ സൗകര്യമായിരിക്കും. ഗവണ്മെൻറ് ഈ വിഷയത്തിൽ വേണ്ടത് ഉടനടിചെയ്യുതരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മഹാരാജാവു് തിരുമനസ്സിലെ ക്ഷേത്രപ്രവേശനവിളംബരം മൂലം എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിച്ചിട്ടുണ്ടെങ്കിലും സമീപത്തു ക്ഷേത്രങ്ങളില്ലാത്തതുകൊണ്ട് ഈശ്വരാരാധനക്കു വഴിയില്ലാതെ വളരെ ആളുകൾ വിഷമിക്കുന്നുണ്ട്. ക്ഷേത്രത്തിൽ പോകുന്നതിനു വേണ്ടി നാലും അഞ്ചും മൈൽ നടക്കേണ്ടതായ സ്ഥലങ്ങൾ ഉണ്ട്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ഭജനമന്ദിരങ്ങൾ സ്ഥാപിക്കുന്നതിനു സ്ഥലം പതിച്ചു കിട്ടണമെന്നു ജനങ്ങൾ അപേക്ഷിച്ചിട്ടും ഇതുവരെയും പതിച്ചുകൊടുത്തിട്ടില്ല. ഈ വിഷയത്തിൽഗവണ്മെൻറിൻെറ ശ്രദ്ധപതിയേണ്ടത് അത്യാവശ്യമാണ്.

പ്രൈവറ്റു സ്കൂളുകൾക്കു ചെറിയചെറിയ ഗ്രാൻറുകൾ കൊടുത്തു ഗവണ്മെൻറു സഹായിക്കുന്നുണ്ട്. അതിലേക്ക് ഗവണ്മെൻറിനോട് നന്ദി പറഞ്ഞുകൊള്ളുന്നു. എൻെറ മാനേജ്മെൻറിൽത്തന്നെ ഏഴുകുളം, കുറുമ്പാക്കര, അറാട്ടുപുഴ, കളക്കട, പെരുമണ്ണൂർ എന്നീ സ്ഥലങ്ങളിലായി അഞ്ചു മാനേജ്മെൻറു പള്ളിക്കൂടങ്ങളുണ്ട്. അതു തുടങ്ങിയിട്ടു ഒന്നൊന്നരക്കൊല്ലമേയായിട്ടുള്ളുവെങ്കിലും ആ സ്കൂളുകൾക്കു ഗ്രാൻറ്

LIBRARY ARCHIVES Kerala Legislative Assembly

നൽകി വേണ്ട സഹായങ്ങളും ചെയ്യുതരണമെന്നു ഞാൻ ഗവണ്മെൻറിനോട് പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

അവശസമുദായങ്ങളുടെ ആവശ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെൻറു നാല്പതിനായിരം രൂപ ബഡ്ജറിൽ ചേർത്തിട്ടുള്ളതു അഭിനന്ദനീയാർഹമാതന്നെ. എന്നാൽ എനിക്കു പറയാനുള്ളതു ഈ തുക തീരെ പോരാ എന്നുള്ളതാണ്. ഈ രാജ്യത്തെ മുതലെടുപ്പിന് രണ്ടരലക്ഷം രൂപയെങ്കിലും അവശസമുദായങ്ങളുടെ ആവശ്യത്തിനായി നീക്കിവക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്. ഇതു കേൾക്കുമ്പോൾ ഇതൊരു വലിയ സംഖ്യയാണല്ലോ, എന്തിനിങ്ങനെ നിലവിളിക്കുന്നു എന്നൊരു പക്ഷെ പറയുമായിരിക്കാം. ഇപ്പോൾ ഇരുന്നൂറിയറുപതു ലക്ഷം രൂപ വരവുള്ളതായി ബഡ്ജറിൽ പ്രതീക്ഷിക്കുന്നുണ്ട്. മൻപു ഇരുപതു നാളികേരമോ പത്തോപന്ത്രണ്ടോ ഇടങ്ങഴി നെല്ലോ കൊടുത്താൽ ഒരു രൂപകിട്ടും. ഇപ്പോൾ ഒരുരൂപ കിട്ടണമെങ്കിൽ അതിൻറെ ഇരട്ടിയോ മൂന്നിരട്ടിയോ സാധനംകൊടുക്കണം. ആ കണക്കിനു ഇരുന്നൂറിയറുപതു ലക്ഷം രൂപ വരവുണ്ടെന്നു പറയുന്നതു അഞ്ഞൂറു ലക്ഷം രൂപ വരവിനു തുല്യമാണ്. അതായതു ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽ ഒന്നാമത്തെസ്ഥാനം മുതലെടുപ്പ് കൊണ്ടു നമുക്കു കിട്ടുന്നതനായി ഗണിക്കുമെന്നുള്ളതാണ്. ഇവിടത്തെ ഇരുന്നൂറിയറുപതു ലക്ഷം രൂപ മുതലെടുപ്പുകൊണ്ടു കൃഷിക്കാരേയും മറ്റുള്ളവരെയും സഹായിക്കണമെന്നു പറയുമായിരിക്കാം എന്നാൽ ഇവിടത്തെ മുതലെടുപ്പിൽ മുക്കാൽ പങ്കും അവശസമുദായക്കാരുടെ കഷ്ടപ്പാടിൻറെയും വിയർപ്പുതുള്ളികളുടേയും ഫലംകൊണ്ടാണു ഉണ്ടാകുന്നതു്. അതോക്കുമ്പോൾ അവശസമുദായക്കാക്കുവേണ്ടി രണ്ടരലക്ഷം രൂപ നീക്കിവയ്ക്കുന്നതിൽ അക്കും യാതൊരു സങ്കടത്തിനും വിഷമത്തിനും അവകാശമില്ല. അതിനാൽ രണ്ടരലക്ഷംരൂപ ഇപ്പോഴത്തെ പ്രൊവൈസ്ചാൻസലർ ഇരിക്കുന്നകാലത്തുതന്നെ നീക്കിവച്ചു ഞങ്ങളെ സഹായിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടാകണമെന്നു ഞാൻ ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

ഒന്നു രണ്ടു സംഗതികൾകൂടി പ്രസ്താവിച്ചുകൊണ്ടു എൻറെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഓരോ താലൂക്കിലും അവശസമുദായക്കാക്കു പതിച്ചുകൊടുക്കുന്നതിനായി പുതുവൽ ഭൂമികൾ തിരിച്ചിട്ടുണ്ട്. എന്നാൽ അവയെല്ലാം പണവും സ്വാധീനശക്തിയും ഉള്ളവരുടെ സ്വാധീനത്തിലാണിരിക്കുന്നതു്. ഈ സാധുക്കൾ ചെന്നാൽ വഴക്കുപറഞ്ഞാലും കേസുകൊടുത്താലും ആ സ്ഥലം പതിച്ചുമേടിക്കാൻ വിഷമ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

മായിട്ടുതീർന്നിരിക്കുന്നു. അവശസമുദായക്കാർക്കായി ഒഴിച്ചിട്ടിട്ടുള്ള സ്ഥലങ്ങളിൽ ഇനി ബാക്കികിടക്കുന്നവ അവക്കുതന്നെ പതിച്ചുകൊടുക്കുന്നതിനു വേണ്ട ഉത്തരവു് ഉടൻതന്നെ അയക്കണം.

എക്സൈസ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു എനിക്കു് രണ്ടു വാക്കു പറയുവാനുണ്ടു്. എക്സൈസ് വകുപ്പിൽ കള്ളും ചാരായവും കൊണ്ടു് ഉണ്ടാകുന്ന വരവു വേണ്ട എന്നു് വയ്ക്കുന്നതു നന്നായിരിക്കും. കള്ളും ചാരായവുമാണു് എന്നു് വെറും കള്ളം പറഞ്ഞു് വെള്ളം തന്നു ഞങ്ങളുടെ കൈയ്യിലുള്ള ചക്രം കൊണ്ടുപോകുന്നുണ്ടു്. കള്ളും ചാരായവും വിൽപ്പനയുള്ളതുകൊണ്ടാണല്ലോ അവർ ഞങ്ങളെ ഇങ്ങനെ കളിപ്പിക്കുന്നതു്. അതിനാൽ ഈ ഒരു പ്പാട്ടു നിറുത്തിയാൽ കൊള്ളാമെന്നു എനിക്കപേക്ഷയുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണമെന്നു പലരും പറഞ്ഞു. ശമ്പളം കുറയ്ക്കണമെന്നു എനിക്കും അഭിപ്രായമുണ്ടു്. അതിനു കാരണം ഇപ്പോൾ അഞ്ചൂറു രൂപ കിട്ടുന്നതു മുൻപു ആയിരംരൂപ കിട്ടിക്കൊണ്ടിരുന്നതിനു തുല്യമാണു്. സാമാനങ്ങൾക്കെല്ലാം വില കുറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു കുറെശമ്പളം കുറയ്ക്കുന്നതുകൊണ്ടു ദോഷമൊന്നുമില്ല.

പോലീസ് ഡിപ്പാർട്ടുമെൻറു ബഡ്ജറിൽ കണ്ടിൻജൻസിയിനത്തിൽ ലാത്തി വാങ്ങിക്കുന്ന വകയ്ക്കു തുക ചേർത്തിട്ടില്ലാത്തതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിച്ചുകൊള്ളുന്നു.

MR. N. JOHN JOSEPH (*Nominated*): സർ, സാമ്പത്തികാധിപ്രതനം നിമിത്തം ജനങ്ങൾ കലശലായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഇപ്പോഴവസരത്തിൽ, യാതൊരിനത്തിലും നികുതി വർദ്ധിപ്പിക്കാതെ, മിച്ചംവരുത്തുന്ന ഒരു ബഡ്ജറു അവതരിപ്പിച്ചതിൽ ഫിനാൻഷ്യൽ സെക്രട്ടറിയെ ഞാൻ അനുമോദിച്ചുകൊള്ളുന്നു. റവന്യൂ വരവു സംബന്ധിച്ചു് തിരുവിതാംകൂർ ഇൻഡ്യൻ നാട്ടുരാജ്യങ്ങളുടെ മുന്നാമത്തെ സ്ഥാനം അർഹിക്കുന്നു എന്നറിയുന്നതു് നമുക്കേവർക്കും അഭിമാനജനകംതന്നെ.

മുന്നാണ്ടുകളെ അപേക്ഷിച്ചു അവശസമുദായോദ്ധാരണത്തിനു വേണ്ടി കൂടുതൽ സംഖ്യ, നാൽപതിനായിരം രൂപ നീക്കിവച്ചു കാണുന്നതിൽ ഗവണ്മെൻറിനെറ നേക്കു എനിക്കുള്ള നന്ദിയെ രേഖപ്പെടുത്തിക്കൊള്ളുന്നു. എന്നാൽ എട്ടുലക്ഷത്തിൽ പരംസംഖ്യാബലമുള്ള പിന്നോക്കസമുദായക്രസ്ത്യാനികളുടേയും ഹിന്ദുക്കളുടേയും പുരോഗമനവിഷയത്തിൽ ചിലവിടാൻ ഈ തുച്ഛമായ സംഖ്യ എത്രത്തോളം മതിയാകുമെന്നു് ഗവ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. എട്ടുലക്ഷത്തിൽപരം വരുന്ന പിന്നോക്ക സമുദായക്കാക്ക് എട്ടുലക്ഷംരൂപ നീക്കിവച്ചാൽതന്നെയും അതൊരിക്കലും അധികമായിപ്പോകുന്നതല്ല. പിന്നോക്കസമുദായക്കാരുടെ കഠിനപ്രയത്നത്തിൻറെയും ക്ഷമയുടെയും ഫലമായിട്ടാണ് ഇന്നു ഈ രാജ്യത്തു കാണുന്നസകല അഭ്യുദ്ധികളും എന്നു ഗവൺമെൻറ് ഓർക്കണം. പിന്നോക്കസമുദായക്കാക്ക് ഏതാനും കാളനികൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിൽ ഗവൺമെൻറ് താൽപ്പര്യം പ്രദർശിപ്പിച്ചുകാണുന്നുണ്ട്. കാളനികളുടെ നിർമ്മാണംകൊണ്ടു പിന്നോക്കസമുദായക്കാരിൽ എത്രാനും പേരെ ഒരു കൂട്ടിലിട്ടടക്കാമെന്നല്ലാതെ ഭാവിയിൽ അതുകൊണ്ടു യാതൊരു പ്രയോജനവും അവർക്കുണ്ടാകുന്നതല്ല എന്ന പക്ഷക്കാരനാണു ഞാൻ. അഞ്ചോ പത്തോ ഇരുപത്തഞ്ചോ സെൻറ് സ്ഥലം മാത്രമാണു കാളനികളിൽ അവർക്കു നൽകപ്പെടുന്നതു്. ഇതുകൊണ്ടു അവരുടെ ധനസ്ഥിതി എത്രത്തോളം പുരോഗമിക്കുമെന്നു ഞാൻ പറയാതെ ഗവൺമെൻറിനു അനുമാനിക്കാവുന്നതാണ്. പിന്നോക്കസമുദായക്കാരുടെ പുരോഗമനത്തിനു ഇതൊരു കണ്ണുകോടാലിയായി തീരുകയില്ലെ എന്നു ഞാൻ സംശയിക്കുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു തൽക്കാലം ഏതാനും കാളനികൾ ഏർപ്പെടുത്തിക്കൊടുക്കുന്ന ഗവൺമെൻറിൻറെ സൻമനസ്സിനെ ഞാൻ എതിർക്കുന്നതായി വിചാരിക്കരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു.

കാളനികളുടെ പേരു പറഞ്ഞുകൊണ്ടു തഹശീൽദാരന്മാരും, റവന്യൂഡിപ്പാർട്ടുമെൻറിലെ കീഴ്സിൽബന്ധികളും പിന്നോക്കസമുദായക്കാർക്കു വിവിധതാലൂക്കുകളിൽ ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തിൽ വിമുഖത പ്രദർശിപ്പിച്ചുവരുന്ന വിവരം ഗവൺമെൻറിനെ അറിയിച്ചുകൊള്ളുന്നു. പത്തും പതിനഞ്ചും വർഷം കൈവശംവച്ചു നിരാക്ഷേപമായി അനുഭവിച്ചുവരുന്ന സ്ഥലങ്ങളിൽനിന്നു പിന്നോക്കസമുദായക്കാരെ നിർദ്ദയം ഇറക്കിവിടുകയും അങ്ങിനെയുള്ള സ്ഥലങ്ങൾ ഇതരസമുദായങ്ങളിൽ പെട്ടവർക്കു പതിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു നയം നടപ്പിൽഉണ്ട്. ഇതിനു അവർ പറയുന്ന കാരണം പിന്നോക്കസമുദായക്കാക്കു കാളനികൾ സ്ഥാപിച്ചുകൊടുക്കുന്നു എന്നുള്ളതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ അവർകൾ പ്രത്യേകം ശ്രദ്ധപതിച്ചു വേണ്ട നിവർത്തിമാർഗ്ഗം വരുത്തുമെന്നു വിശ്വസിക്കുന്നു.

വിവിധ താലൂക്കുകളിൽ കൃഷിചെയ്തു ഉപജീവനം കഴിക്കുന്നതിനും വിദ്യാഭ്യാസച്ചെലവിനും വേണ്ട മുതൽ കിട്ടത്തക്കവണ്ണം വിസ്തീർണ്ണമുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

ഭൂമികൾ മതവ്യത്യാസം നോക്കാതെ പിന്നോക്കസമുദായക്കാരുടെ പേരിൽ പതിച്ചുകൊടുക്കണം. കുടിവനങ്ങൾ ഒഴിവാക്കി പിന്നോക്കസമുദായക്കാരുടെ പേരിൽ മാത്രം പതിച്ചുകൊടുക്കണം. ഇതിനുംപുറമെ നെൽകൃഷി ചെയ്യുന്നതിനു കരു സെൻറു സ്ഥലംപോലുമില്ലാത്ത പിന്നോക്കസമുദായക്കാർക്കു വനത്തിനുള്ളിലുള്ള ചതുപ്പുനിലങ്ങൾ വനത്തിൽനിന്നൊഴിവാക്കി പതിച്ചുകൊടുക്കണം.

കർഷകരെ സഹായിക്കുന്നകാര്യത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധപതിച്ചുകാണുന്നതു് ആദരണീയംതന്നെ. ഈ രാജ്യത്തു് ആകെയുള്ള കർഷകർ പന്ത്രണ്ടുലക്ഷം എന്നുകാണുന്നുണ്ടു്. കൺസോളിംഗ് റേഷൻ, കൃഷിവായ്പ, ഭൂസ്വത്തുജാമ്യബാങ്ക്, കൃഷിഡിപ്പാർട്ടുമെൻറ്, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് എന്നുവേണ്ട ക്രഡിറ്റ് ബാങ്കു തന്നെയും കർഷകർക്കുവേണ്ടി മാത്രമുള്ളതാണു്. ഭൂമിയിനത്തിൽ നിന്നുള്ള വരവിനോളംതന്നെയുള്ള സംഖ്യ ഗവണ്മെൻറ് കർഷകക്ഷേമത്തിനുവേണ്ടി ചെലവുചെയ്തുവരുന്നു. ഈ വക ചെലവുകൾകൊണ്ടു് കൂലിവേലക്കാരായ പിന്നോക്ക സമുദായങ്ങൾക്കു യാതൊരു സഹായവും ഉണ്ടാകുന്നില്ല. കൂലിവേലക്കാരെ ഗവണ്മെൻറു കേവലം വിസ്മരിച്ചിരിക്കയാണു. അതിനാൽ കൂലിവേലക്കാരായ പിന്നോക്കസമുദായക്കാർക്കു കൂടുതൽ ഭൂമിപതിച്ചുകൊടുക്കുന്നവിഷയത്തിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധപതിക്കയും പട്ടിണിഒഴിഞ്ഞു ജീവിക്കത്തക്കവിധത്തിൽ കൂലിനിരക്കു വർദ്ധിപ്പിക്കയും ചെയ്യണമെന്നുപേക്ഷിച്ചുകൊള്ളുന്നു.

പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസം വളരെ പരുങ്ങലിൽ എത്തിച്ചേർന്നിരിക്കയാണു്. ഇതിൽ അധികം സങ്കടമനുഭവിക്കുന്നവർ പിന്നോക്കസമുദായങ്ങളിലെ ക്രസ്ത്യാനികളാണു്. കഴിഞ്ഞ വർഷത്തിൽ ഗവണ്മെൻറു പിന്നോക്കസമുദായത്തിലെ ക്രസ്ത്യൻവിദ്യാർത്ഥികൾക്കു ഫീസു മുമ്പത്തിയതുകൊണ്ടു് അനേകായിരം വിദ്യാർത്ഥികൾ പഠിത്തം ഉപേക്ഷിക്കേണ്ടതായിവന്നിട്ടുണ്ടു് എന്ന വ്യസനസമേതം പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. പിന്നോക്കസമുദായഹിന്തുക്കളുടേയും ക്രസ്ത്യാനികളുടേയും സാമ്പത്തികനിലയ്ക്കു യാതൊരു വ്യത്യാസവുമില്ല. അവശസമുദായക്രസ്ത്യാനികളുടെ സാക്ഷരതാ ശതമാനമോ അതിൽ കൂടുതലോ ആയിരുന്നാൽതന്നെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇതൊരു സാക്ഷരതയായി പരിഗണിക്കപ്പെടേണ്ടതല്ല. അതിനാൽ ഗവണ്മെൻറു ഈ കാര്യത്തിൽ ഒന്നുകൂടെ വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ആലോചനകർം നടത്തി അവശ കൃസ്ത്യൻവിദ്യാർത്ഥികർംക്ക ഇനിയും കുറെക്കാലത്തേക്ക അതായത്, അവരുടെ ധനസ്ഥിതി അഭിവൃദ്ധിപ്പെടുന്നതുവരെ, മുഴുവൻ ഫീസുസൗജന്യവും അനുവദിപ്പാറാകണമെന്ന അപേക്ഷിച്ചുകൊള്ളുന്നു. ഇതിനെ തുടർന്ന ഇപ്പോർം ഒരു ക്ലാസിൽ ഒന്നാമത്തെ വർഷം ഒരു കുട്ടി തോറ്റുപോകുകയാണെങ്കിൽ ആ വിദ്യാർത്ഥിക്ക ഫീസ് കൊടുക്കേണ്ടതായി വന്നുകൂടുന്നു. അതേ സമയംതന്നെ ആ വിദ്യാർത്ഥി പഠിത്തം ഉപേക്ഷിക്കേണ്ടതായും വരുന്നു. നല്ല നല്ല ആഹാരങ്ങർം കൃത്യസമയങ്ങളിൽ കഴിച്ചുകൊണ്ടുവരുന്ന സവർണ്ണവിദ്യാർത്ഥികർംതന്നെയും ഈ വിധത്തിൽ തോൽവി പ്രാപിക്കുന്നുണ്ട്. അവക്ക പണം ഉള്ളതുകൊണ്ട വീണ്ടും പഠിത്തം തുടരുന്നതിന സാധിക്കും. എന്നാൽ കേവലം പട്ടിണിക്കുമാത്രം വന്നിരുന്ന പഠിക്കുന്ന പിന്നോക്കസമുദായവിദ്യാർത്ഥികർം തോറ്റുപോകുന്നെങ്കിൽ അതൊരു അതിശയോക്തിയല്ല. ഉടനെതന്നെ അവരുടെ ഫീസ്സൗജന്യം എടുത്തുകളയുന്നതു അനുകമ്പാപൂർവ്വമായ ഒരു നയവുമല്ല. അതിനാൽ മുൻപിലത്തെപ്പോലെ രണ്ടാമത്തെ വർഷംക്രടെ അങ്ങിനെയുള്ള വിദ്യാർത്ഥികർംക്ക ഫീസ്സൗജന്യം അനുവദിപ്പാറാകണമെന്ന അപേക്ഷിച്ചുകൊള്ളുന്നു. ഇ. എസ്. എൽ. സി. വരെ എത്തുന്ന വിദ്യാർത്ഥികളുടെ സംഖ്യ പിന്നോക്കസമുദായങ്ങളെ ആശ്രയിച്ച കേവലം തുച്ഛമാണ്. പ്രിൻസിപ്പാളന്മാരുടെ ശുപാശയിന്മേൽ ഏതാനും മാസങ്ങർം കഴിഞ്ഞിട്ട ചില വിദ്യാർത്ഥികർംക്ക കാളേജിൽ ഫീസ സൗജന്യം അനുവദിക്കാറുണ്ടെങ്കിലും ആദ്യത്തെ ചില മാസങ്ങളിൽ ഫീസ് അടക്കേണ്ടതായിട്ടാണിരിക്കുന്നതു. ഇതു പിന്നോക്കസമുദായവിദ്യാർത്ഥികളാൽ കഴിവുള്ള ഒരു കാര്യവുമല്ല. അതിനാൽ ഇ. എസ. എൽ സി. പാസാകുന്ന അവശസമുദായ വിദ്യാർത്ഥികർംക്ക കാളേജുകളിൽ ചേരുന്നതിനുള്ള ഭാഗ്യം ഉണ്ടാകുന്നില്ല. ഇ. എസ്. എൽ, സി. പാസാകുന്ന വിദ്യാർത്ഥികർം പിന്നോക്കസമുദായങ്ങളിലെ സമർത്ഥന്മാരും മറ്റുള്ള വിദ്യാർത്ഥികളോട കിടനിൽക്കുന്നവരുമാണ്. അവരുടെ എണ്ണം കേവലം തുച്ഛമായിരിക്കും. അതിനാൽ അവക്ക നിർബാധം കാളേജുകളിൽ ചേർന്ന പഠിക്കുന്നതിന് എല്ലാകാളേജുകളിലും മുഴുവൻ ഫീസ് സൗജന്യം അനുവദിക്കണമെന്ന അപേക്ഷിച്ചുകൊള്ളുന്നു.

പബ്ലിക് സർവീസിലെ പ്രവേശനത്തിന പബ്ലിക് സർവീസ് റിക്രൂട്ടുമെൻറു കളിൽനിന്ന പിന്നോക്കസമുദായത്തിലുള്ളവരെ കഴിവാക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു. പരിമിതമായ ഏതാനും ഒഴിവുകർം അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

പ്പോഴപ്പോഠം ഏർപ്പെട്ടന്നണ്ട്. ഇപ്പോഴത്തെ സമുദായവിഭജനം അനുസരിച്ച ബ്രാഹ്മണർ മുതൽ കമ്മീഷണർ റിക്രൂട്ടചെയ്യും. പിന്നോക്ക സമുദായക്കാരുടെ അട്ടക്കൽ എത്തുമ്പോഴേയ്ക്കും ഏർപ്പെട്ട ഒഴിവുകളിൽ ബാക്കിയുണ്ടായിരിക്കയില്ല. പിന്നീട് ഉണ്ടാകുന്ന ഒഴിവുകൾക്കും കമ്മീഷണരുടെ തോതു ഇതുതന്നെയാണ്. ഈ രീതം പിന്നോക്കസമുദായക്കാരെ ബാധിക്കുന്നിടത്തോളംകാലം പിന്നോക്കസമുദായങ്ങളിലെ പരീക്ഷാവിജയികൾക്കു പബ്ലിക്കു സർവീസിൽ എത്തിനോക്കാൻപോലും സാധിക്കുന്നതല്ല. അതിനാൽ ഒഴിവുണ്ടാകുന്നതിലും പുതുതായി ഏർപ്പെട്ടുന്നതിലും ഇരുപതു ശതമാനം ഉദ്യോഗം പിന്നോക്കസമുദായക്കാർക്കു വേണ്ടി മാററിവച്ച ഗവണ്മെൻറിൽനിന്നും നേരിട്ട നിയമനം നടത്തണമെന്നപേക്ഷിച്ചുകൊള്ളുന്നു.

ഇവിടെ ഒരു പ്രത്യേകസംഗതി ഞാൻ ഗവണ്മെൻറിൻെറ ഗാഢമായ ശ്രദ്ധക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു. ഇപ്പോൾ പിന്നോക്കസമുദായവിദ്യാർത്ഥികളെ പ്രബലക്രസ്ത്യൻ സമുദായക്കാരുടെ കൂട്ടത്തിൽ ചേർത്തിട്ടിരിക്കയാണ്. തൻനിമിത്തം ഭീമമായ ഉദ്യോഗനഷ്ടവും പ്രാതിനിധ്യനഷ്ടവും മറെറാഷ്ട്രീയാവകാശനഷ്ടങ്ങളും പിന്നോക്കസമുദായക്രസ്ത്യാനികൾ അനുഭവിച്ചുവരുന്നു. ഇതിനുള്ള പരിഹാരമാർഗ്ഗം ഒന്നുമാത്രമാണ്. പിന്നോക്കക്രസ്ത്യാനികളെ പ്രബല ക്രസ്ത്യാനികളിൽനിന്നും വേർതിരിച്ച ഒരു വിഭാഗമാക്കുകയാണു ഇതിനുള്ള ഏക പരിഹാരമാർഗ്ഗം. ഈ കാര്യത്തിൽ പ്രബലക്രസ്ത്യാനികൾക്കും മറുള്ളവർക്കും ഗവണ്മെൻറിനുതന്നെ എതിരുപറയുന്നതിന് അവകാശമില്ല. ഇതിനു ആർക്കുംതന്നെ എതിരുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇങ്ങനെ വേർതിരിക്കുന്നപക്ഷം ഗവണ്മെൻറിനു നീതി പ്രവൃത്തിക്കാൻ സൗകര്യം ഏർപ്പെടുന്നതാണ്. ക്രിസ്തീയമതത്തത്വത്തിനും ഇതെതിരല്ല. അതിനാൽ പിന്നോക്കസമുദായക്രസ്ത്യാനികളുടെ രാഷ്ട്രീയാനുകൂല്യങ്ങളേയും അവകാശങ്ങളേയും മുൻനിറുത്തി അവരെ പ്രബലസമുദായത്തിൽനിന്നും വേർതിരിച്ച ഒരു വിഭാഗമാക്കി അവരുടെ രാഷ്ട്രീയാവകാശസംരക്ഷണം നിയമത്താൽ വ്യവസ്ഥചെയ്യണമെന്നപേക്ഷിച്ചുകൊള്ളുന്നു.

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി ആ രാജ്യത്തെ അധിവസിക്കുന്ന ജനങ്ങളുടെ ആരോഗ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. ആരോഗ്യകരമല്ലാത്ത പരിതസ്ഥിതികളിൽ താമസിച്ചും കുലിവേലപോലും കിട്ടാൻ മാർഗ്ഗമില്ലാതെയും പിന്നോക്കസമുദായക്കാർ അനുദിനവും പട്ടിണികൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടും പകർച്ചവ്യാധികൾകൊണ്ടും ചത്തൊടുങ്ങിവരികയാണ്. മെഡിക്കൽ ഡിപ്പാർട്ടുമെൻറുമുഖേനയും പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറുമൂലവും ഇതിനു പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ഒരു സമുദായത്തിൻെറ സാമ്പത്തികനിലയെ ഉയർത്തുന്നതിന് പരസ്പരസഹായങ്ങളെപ്പോലെ പര്യാപ്തമായ ഒരു സ്ഥാനമില്ലെന്നാണ് വയ്പ്. ഇതിനു നേരെ വിപരീതമാണ് പരസ്പരസഹായസംഘങ്ങൾ നിമിത്തം പിന്നോക്കസമുദായക്കാർക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ. പിന്നോക്കസമുദായങ്ങൾക്കു സംസ്ഥാനത്തു ഇരുന്നൂറിൽപരം സംഘങ്ങൾ ഉണ്ട്. ഇതിൻെറ ജാതകം കുറിച്ചുകഴിഞ്ഞു. അനേകം സംഘങ്ങൾ റദ്ദ്ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവയുടെ ഗതിയും ഇതുതന്നെ. അതിനാൽ ഒരു പ്രത്യേകകമ്മറി ഏർപ്പെടുത്തി പിന്നോക്കസമുദായക്കാരുടെസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനു പര്യാപ്തമായ പദ്ധതികൾ സ്വീകരിച്ചു പ്രവർത്തിക്കുന്നതിനു ഉത്തരവുണ്ടാകുന്നതാകണമെന്നപേക്ഷിക്കുന്നു. ഇപ്പോൾ പുതുതായി പത്തു പരസ്പരസഹായസംഘം ഇൻസ്പെക്ടർമാരെ നിയമിക്കുന്നതാണെന്നു കാണുന്നു. അവശസമുദായക്കാരുടെ ക്ലേശം തീർത്തും അവരോടുകൂടെ ഭക്ഷിച്ചും കുടിച്ചും പ്രവർത്തിപ്പാൻ ജന്മനാകഴിവുള്ള പിന്നോക്കസമുദായക്കാരിൽനിന്നുമാത്രമെ ഈ പുതിയ നിയമനങ്ങൾ നടത്താവൂ എന്നും അങ്ങിനെയെങ്കിലും പിന്നോക്കസമുദായക്കാരുടെ സംഘങ്ങൾ പുനരുദ്ധാരണം ഉണ്ടാക്കണമെന്നും അപേക്ഷിക്കുന്നു.

സ്റ്റേറിനു ആദായകരങ്ങളും നൂതനവുമായ പല പദ്ധതികളും വ്യയകരങ്ങളെങ്കിലും നടപ്പിൽവരുത്തുന്നതിനു ഗവണ്മെൻറു സ്വീകരിച്ച മനോധൈര്യം അഭിനന്ദനീയംതന്നെ. ട്രാൻസ്പോർട്ട്, ഹൈഡ്രോ ഇലക്ട്രിക് സ്കീം ഇവയൊക്കെയും അതിനു ദൃഷ്ടാന്തങ്ങളാണ്. മൂന്നാറിൽനിന്നും സാമാനങ്ങൾ പുറത്തേക്കു അയയ്ക്കുന്നതിനും കൊണ്ടുവരുന്നതിനുമായി ഒരു റോഡ് തുറന്നു പ്രവർത്തിപ്പാൻപോകുന്നതായി അറിയുന്നു. കൊച്ചി ഹാർബറിൽനിന്നുതന്നെ കൂടുതൽ ആദായം തിരുവിതാംകൂറിനു ഉണ്ടാകുന്ന ഒരു പദ്ധതിയാണിത്. ഇതും അഭിനന്ദനീയംതന്നെ. ഈ പദ്ധതികൾക്കു എതിർ പറയുന്നവർക്കുതന്നെ ഈവക പദ്ധതികൾ നടപ്പിൽവരികയും ആദായം ഉണ്ടാകുകയും ചെയ്യുമ്പോൾ മാനസാന്തരമുണ്ടാകുമെന്നാണ് എൻെറ അഭിപ്രായം.

അവസാനമായി മഹാരാജാവുതിരുമനസിലെ വാത്സല്യപ്രജകളും രാജ്യത്തിൻെറ ഉത്തമസ്വത്തുമായ പിന്നോക്കസമുദായക്കാരുടെ സകലവിധഅവശതകൾക്കും പരിഹാരമുണ്ടാക്കി രാജ്യത്തിൻെറ അഭിമാന

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John'Joseph]

ത്തെ സംരക്ഷിക്കാൻ ഇപ്പോഴത്തെ ഗവണ്മെൻറിനു സാധിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. P. J. SEBASTIAN (*Changanacherry cum Peermade*): Sir, the Budget presented for the consideration of the House has been discussed by several honourable members of this House. Though the Financial Secretary estimates the revenue for the year 1114 at Rs. 261·43 lakhs, and though he characterises it as a record figure, the scrutiny of the figures in the Budget has revealed that, after all, this year's Budget is one for which no congratulation is due to the Financial Secretary. He anticipates a surplus of Rs. 1·43 lakhs. But from our experience of the past years, it is clear that by the end of the year 1114, the Budget, which is now thought of as a surplus one, will turn out to be a deficit budget. A perusal of the Budget and the speech introducing it would make it appear that, Travancore is in a very prosperous condition. But on the other hand, it is in a state of depression. Let us see what the actual condition of the people is. Are the people really prosperous? With the fall of the prices of the products, the condition of the people has become awfully miserable. There is discontent and distress in all parts of the country. Even well-to-do persons find it difficult to pay their taxes and the Government Gazette testifies to that fact. Week after week, one can learn from the pages of the Gazette that several thousands of acres of land are notified to be sold away for recovery of taxes.

[At this stage the President left the Hall and the Deputy President occupied the Chair].

Since most of my friends have dealt with the budget figures, I will content myself by referring to a salient point which I wish to bring to the serious attenion of Government for taking appropriate action.

The Conciliation Boards have not in any way tended to ameliorate the condition of the agriculturists. It has proved to be a most ineffective weapon. A more sympathetic and liberal treatment has to be accorded to the peasants if the Government want to improve their plight. A legislation on the lines of the Madras Debt Relief Bill should be introduced in this country. I am glad to know that the Government is also alive to the seriousness of the situation as is evident from the Dewan's reply given to a deputation he received two days ago. I would to like to emphasise one point in this connection. From the Dewan's reply it could be noticed that the Government are anxious to bring about some legislation in that direction and for that, they expect that a Bill should be introduced by a non-official member of this Assembly. I for one, would impress upon the Government, that on a matter which affects the generality of the people, it will be only in the fitness of things that Government themselves sponsor such a legislation. In Madras, Bombay and the Punjab, it is the respective Governments that have come forward with a Bill and as such I fail to see why our Government should fight shy in this matter.

LIBRARY ARCHIVES Kerala Legislative Assembly

With regard to the Transport Scheme, the Financial Secretary expects an income of Rs. 2·10 lakhs. But from the experiences of all Governmental financial undertakings, I doubt very much whether the Financial Secretary's sanguine expectations could be realised. In all Government transactions writing off has become the order of the day. The Travancore Sugars and the Travancore State Aided Bank are instances in point. The Rubber Factory seems to be almost a defunct institution. The Government have stated very clearly that from the income dervied from the Trivandrum-Cape Comorin line they get a profit of 10 to 15 per cent. In view of that, I for one fail to see why the Government have raised the 7 annas fare from Trivandrum to Quilon to 12 annas. That gives the clue that a suspicion is entertained by the Government about the success of the Transport Scheme. It unmistakeably shows that the scheme is not going to be a profitable concern.

Now, Sir, from the Dewan's statement at the joint sitting of the Sri Chitra State Council and the Sri Mulam Assembly held on the 23rd July 1938 on the Budget Estimates for the year 1114, the concluding words are worth quoting.

> "There might be differences as to political objectives. There are bound to be such all the world over. But in the matter of industrial, agriculturial and educational programmes and policies, there is no room for acerbity of temper and no real reason for conflicts. There is no place for animosities. There is room only for friendliness, comradeship and co-operation. May we all work in that spirit."

I say 'amen' to that appeal. But I hasten to add that not only in the matters of industrial, agricultural and educational programmes and policies but also in the matter of political objectives also. We may all work in the spirit of friendliness, comradeship and co-operation.

After all, Sir, what is the trouble in Travancore? It appears to me that it centres round the agitation for responsible Government. The Travancore State Congress came out with their objectives and published their programmes in pursuance of their effort for the attainment of Responsible Government. At once the Government banned all meetings to be held under the auspices of the Travancore State Congress. After all, is it that agitation for Responsible Government considered not proper by the Government. The Chief Secretary to Government on the 27th Mithunam declared on the floor of this House that the Travancore State Congress and its members are subversive and disloyal. (Mr. John Philipose:— *Shame, shame*). If an agitation for the attainment of Responsible Government is subversive and disloyal, it is up to the Government to declare that movement as such and notify accordingly. Without doing anything of that kind, simply to say that..... .....

MR. S. KRISHNA AIYAR: On a point of order, Sir. Party programmes ought not to be allowed to be discussed at this stage of the Budget discussion. In support of this, may I point out that when such

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Aiyar.]

a question arose in one of the previous councils, it was ruled by the President that the discussion should be cofined to Matters directly arising out of the Budget. I am leaving the point of order for your ruling Sir.

DEPUTY PRESIDENT: A point of order has been raised by the honourable member Mr. S. Krishna Aiyar as to whether party programme can be discussed during the Budget discussion. I find that the same point of order was raised at one of the previous meetings of the Travancore Legislature and the ruling given by the President was to this effect,

"I think the discussion should be confined to matters directly arising out of the Budget."

My ruling is as follows:—

While it will be competent to honourable members to refer to party programme in a casual manner, it is not proper on the part of members to discuss party programmes. The honourable member will therefore confine his remarks, as far as possible, to matters directly arising out of the Budget.

MR. E. JOHN PHILIPOSE (*Tiruvalla*): May I know whether the members can criticise Governmental policies pursued towards certain political organisations in the country?

DEPUTY PRESIDENT: I have already ruled that the members will, as far as possible, confine their remarks to matters directly arising out of the Budget.

MR. P. J. SEBASTIAN: I bow to the ruling of the Chair. I was only referring incidentally to what happened in the House on the 27th Mithunam. It was said on the floor of the House by the Chief Secretary to Government that a particular organisation was disloyal and subversive. It was not a small matter that he mentioned. For discussing party programmes we have platforms elsewhere. I am not here for discussing that question. We, the elected representatives of the people have been called by the Government as subversive and disloyal on the very floor of this House. (Mr. E. John Philipose: *Shame, shame.*) It is open to us to bring to the notice of the Government our genuine feelings of resentment in this matter. If it is not done here, I for one to fail to see where on earth this matter could be given expression to. I may assure the leader of the Nationalist party that we are not for discussing on the floor of this House party programmes of the Travancore State Congress organisation. Sir, I want to know very definitely from Government certain things in this connection.

DEPUTY PRESIDENT: The honourable member has only two minutes more.

... ...

MR. P. J. SEBASTIAN: Since I happen to be an elected representative, I want to express my real feelings in the matter. The Chief Secretary stated on the floor of this House and the same idea was reiterated by the Dewan two days afterwards that the State Congress Organisation and the members of that party are subversive and disloyal. We want to know why such a statement was made. May I

LIBRARY ARCHIVES Kerala Legislative Assembly

know whether a subject of His Highness the Maharaja can be called disloyal by anybody without assigning reasons therefor. Is it open either to the Chief Secretary or the Dewan to make that observation?

MR. E. JOHN PHILIPOSE: Is it open to a *Travancorean* to say that the members of the State Congress are disloyal and subversive?

MR. P. J. SEBASTIAN: Certainly not.

MR. T. P. VELAYUDHAN PILLAI: May I know whether any elected representative has a special privilege in this House?

MR. P. J. SEBASTIAN: We should know where we stand. As my friend Mr. Philipose said it is not possible for a Travancorean to say that another Travancorean is disloyal. (Mr. E. John Philipose: Hear, hear). I am surprised to find that the Chief Secretary to Government who is a born Travancorean had the courage to declare on the floor of this House that we the 18 elected representatives of the people are disloyal and subversive. (Mr. E. John Philipose: Shame, shame). Two days ago a few of us went into the rural parts of the State and I am glad to say about the marvellous response in the matter of membership to the State Congress. (Mr. E. John Philipose: Hear, hear).

DEPUTY PRESIDENT: Your time is up.

MR. E. JOHN PHILIPOSE: Sir I rise to a point of order. Does the time used for raising point of orders include the 15 minutes allowed to each member?

DEPUTY PRESIDENT: That has been taken note of by the Chair.

MR. E. JOHN PHILIPOSE: I would like to get a ruling from the Chair.

MR. E. P. VARGHESE: From the speech of the Financial Secretary and of the Dewan and also of the statement of the Financial Secretary made on the floor of the House this morning, it has been made clear that there is no room for alarm about our financial position and I agree with the Financial Secretary in saying that our financial position is absolutely sound and satisfactory. But I do not agree with him in some of his anticipations. He expects an increase in the Excise Revenue. We were told last year that as a result of Excise Reorganisation involving an expenditure of Rs. 1·12 lakhs we could expect from tobacco alone an increase of Rs. 1·75 lakhs. But what we find today is that on tobacco we can expect only Rs. ·16 lakh less than what we had the previous year. Similarly from the Ceramic Factory there is an anticipation of Rs. ·95 lakh of income. I am rather doubtful whether that anticipation also will turn out to be true. Some of these experts have been placing before us alluring prospects and by our experience of the Rubber Factory I hesitate to accept this prospect of a profit of Rs. ·95 lakhs from the Ceramic Factory. We were told when the Rubber Factory was opened that we could expect half a lakh of rupees by way of profit and we know what the fate of the Rubber Factory now is. The present expert is not after all a business man.

MR. JOHN PHILIPOSE: May I kdow whether the member is in a position to say that he is not an expert?

LIBRARY ARCHIVES Kerala Legislative Assembly

MR. E. P. VARGHESE : He may be an expert as far as the theore cal side is concerned. I doubt whether he is an expert in the practi side. This is a business concern, a commercial concern. I have r serious doubts about his business capacities.

Coming to the question of the agriculturists, we find that n much provision is made for the amelioration of the difficulties they a now in. We are having now one of the most acute periods depressi so far as the price of our agricultural commodities are concern Looking at Chart No. 6 in the Administration Report of the Agric ture and Fisheries Department, we we find that the lowest price copra per candy in 1104 was Rs. 82 whereas in 1112 it was Rs. 62, b in 1113 it has been pointed out by the honourable member Mr. Krish Aiyar that it has gone down to nearly Rs. 40 or 35.

There is also another factor which is indicative of this fact. W find that there is an increase of revenue from the sale of general stamp That shows that there have been many transactions in immovab properties. That is not a happy sign at a period like this. I a sorry that no measure has been adopted to ameliorate the condition the hard-hit peasants.

There is also another factor which I would like to bring to th notice of the Government. I find from the answers supplied to th House that unmanufactured coir yarn is exported in large quantiti to foreign countries. I understand on an enquiry in the market tha this coir yarn is used in foreign places for the manufacture of mats an mattings. Travancore, I think, has a monopoly in the industry mats and matting. But I am afraid, Sir, that if the export of coi yarn is going to be allowed unlimited I am sure our mats and matting industry will suffer seriously. (At this stage the President took th Chair). It is time that the Government think seriously of this fac and find out measures to prevent the export of coir yarn as it is.

Then, Sir, I come to the most important question as far as I an concerned. I am retured to this Assembly from a reserved seat. find from the Budget that the largest item of expenditure is o salaries to officers. Nearly 38·9 percent of the ordinary revenue of th State is being utilised for salaries and allowances and therefore, Sir, i is my duty to examine this question. It has been a burning questio on the floor of this House last year that many of the communities ar not properly represented in the Public Service. I do not think tha that grievance has been sufficientby redressed. We had the Publi Service Commissioner working for the last two years and more and may say that I am not at all satisfied with the result of his work. I is not the defect of the work but the defect of the system. I may say at once that the system adopted with regard to recruitment to the lower grade is sufficiently satisfactory. But so far as the intermediate and the Higher Divisions are concerned the rules require drastic amendments. From the Administration Report of the Public Service Department I find that in the Intermediate Division there have been 526 recommendations by the Public Service Commissioner excluding

LIBRARY ARCHIVES Kerala Legislative Assembly

246 candidates who were recommended on the basis of more than 3 years acting service. Out of 526 appointments what I find is that my community has got 17 and the Syrian Catholics has got 14. So the Catholic community which number more than 8 lakhs gets 31 appointments altogether out of 163 allotted for Christians. Looking at that figure on page 11 of the Administration Report I think anybody would be convinced that the system requires drastic amendments. We are getting this 17 appointments only on the basis of the reservation of 40 percent. in the Intermediate Division. What we find from the report is that the poorly represented communities have got only 38 per cent. out of the 40 percent. reserved for them and none from the 60 per cent. reserved for all the communities together. When we discuss this question of communal representation some people come with the plea of efficiency and some others with nationalism. Well, Sir, I may tell those members that it is an ancient and bygone plea. It is a plea which cannot stand and it has been proved not to stand. The barriers of privileges are breaking down everywhere. History tells us that none can resist the legitimate claim of any class or community. Look round and see what has been done else where. Travancore cannot be a law unto itself. What we are asking is only a legitimate share of the Public Service of the State because our position is so appaling. If you look at the figures in each department you will be convinced how poorly represented we are. Honourable member Mr. Kunjithommen brought that fact to the notice of the House yesterday. I only want to bring one or two facts to the notice of the House. For the last three or four years since I have been in the Legislature, I have been asking questions and getting replies that there is only one solitary clerk on Rs. 25-40 from my community in the Secretariat. Same is the case with many other departments. In the Agricultural Department I do not think there is a single clerk. Out of 122 appointments on a salary of Rs. 20 and above our representation is one. Taking the case of the Proverthicars out of 405 we have none. These facts have been brought to the notice of the House several times. I do not wish to take much time of the House in pointing out instances like that. The House already understands and the Government understand the position. It seems that all this cry is a cry in the wilderness. We ask and ask, but Government remain silent. We want to see that Government bestow its earnest attention to this fact especially on the question of representation of the poorly represented communities in the Intermediate and Higher Divisions. In this connection I may quote from a speech of the late Mr. Ghokale. In 1905 he said in his budget speech as follows:—

> 'My Lord, this question of appointment to high office is to us something more than a mere question of careers. When all positions of power and of official trust and responsibility are the virtual monopoly of a class, those who are outside that class are constantly weighted down with a sense of their inferior position, and the tallest of them have no option but to bend in order that the exigencies of the situation may be satisfied".

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. P. Varghese.]

Sir, I can understand members of some communities saying that they are not amenable to this plea of the unrepresented communities. It is not from those communities that I demand this. It is from the Government. It is in the interest of the over represented communities to see that they retain what they have got and it is my interest and legitimate interest to see that I get what I am entitled to. I ask this from Government and not from other communities. At the same time I appeal to the other communities to yield gracefully what they may in course of time be forced to give up. Look at the various departments and our position in each of them. It makes me feel that it is easier for a camel to pass through the eye of a needle than for a Latin Catholic to enter the Public Service of Travancore.

MR. M. RAMIAH PILLAI (*Chirayinkil* cum *Nedumangad*): Sir, it is a matter for gratification that our financial position is sound and satisfactory. I congratulate the Government that in the midst of numerous difficulties, especially those created by the continuous economic depression they have managed to make both ends meet. I find the nation building activities of the Government have been well provided for and a bold forward step has been well taken in various directions.

In regard to the Land Revenue Department, I am glad to note that in the case of three taluks of South Travancore, a considerable remission of land tax has been given, in view of the severe draught of the last two years. Sir, I may also say that the same concession should have been extended to all the other taluks similarly affected. The extensive damage done to crops in my constituency of Chirayinkil and Nedumangad has been brought to the notice of the Government, but nothing has been done in this regard to relieve the distress of the Taluks.

Sir, I find that provision has been made to expedite the arrangement for improving irrigation works in four taluks including Nedumangad. For this, on behalf of my constituency I express my sincere gratitude to Government.

Regarding the new projects set out by the Department of Industries, I find that it is proposed to work successfully the mining of graphite, mica and limestone deposits of Travancore. I hope, Sir, that this will be one of the means for opening up the backward hilly regions of the country. I would request in particular the department to include in their project the reopening of the graphite mines of the Nedumangad taluk and thus offer employment to the working class people of that backward Taluk.

I think Sir that it would not be fair on my part if I do not say anything about the agriculture of the State. It is satisfactory to note that the Government and the department have been careful to provide funds for the conservation and improvement of grass lands. The fodder problem is really at the root of the problem of cattle breeding. With regard to the work of the Agricultural Department as a whole,

LIBRARY ARCHIVES Kerala Legislative Assembly

our past experience has been that there are plenty of schemes, but in carrying them out, they turnout to be of little or no use to the agriculturist at large. I would request the Department to do more practical propaganda work and make the agriculturists understand that agriculture can be made profitable.

Sir, I am glad to know that Rs. 3,000 has been provided for rural reconstruction work to be done by the Economic Development Board. The present allotment is poor in view of the enormous work that remains to be done in this direction. In British India and in some other Indian States, they spend large sums of money for this work. I hope our Government will also spend liberally for rural uplift.

I should like to say one word more about the University. Honourable members are aware that Tamil is one of the most ancient language of the world. I understand that Malayalam and Sanskrit Honours courses are to be started in the University, but that no provision is made for Tamil. I request the benign Government to give the same status to Tamil, as Malayalam and Sanskrit. At present, students from South Travancore and Shencotta have to go to the Madras or Annamalai Universities to undergo studies in Tamil. I request the Government to give equal treatment to Tamil as an important Dravidian language.

Lastly I may appeal to Government that in the taluk of Nedumangad there are large areas of reserved forests which are not absolutely necessary for Government purposes. If these lands are registered in the name of landless people, it would be a source of income to the Government and benefit to the people concerned.

Sir, once again congratulating the Financial Secretary for his clear and able budget statement, I resume my seat.

MR. P. K. KUNJU : സർ, പൊതുജനങ്ങളുടെ ആവശ്യവും ക്ഷേമവും സർവപ്രധാനമായി മുൻനിറുത്തിയാണ് ബഡ്ജറു് രൂപവൽകരിക്കേണ്ടതെന്ന തത്വം സ്വീകരിച്ചിട്ടില്ലെന്നുള്ളതു് അദരണീയമല്ല. വെറും ആർഭാടത്തിനും അലങ്കാരത്തിനും അതിപ്രസരത്തിനും വേണ്ടി അനാവധി പണം അനാവശ്യമായി ചെലവുചെയ്യണമെന്നുള്ള അത്യാഗ്രഹം കാണിക്കുകയും രാജ്യത്തിന്റെ യഥാർത്ഥമായ ആവശ്യങ്ങളെ അവഗണിക്കുകയുമാണ് ബഡ്ജറു് രൂപവൽക്കരണംകൊണ്ടു സാധിച്ചിട്ടുള്ളതു് എന്നതെളിയുന്നുണ്ടു്. ഈ രാജ്യത്തിന്റെ ധനസ്ഥിതിയെക്കുറിച്ചു് പുറത്തുള്ളവർക്കുള്ളതെറ്റായ ഒരഭിപ്രായവും വലിയ അശയുമാണുള്ളതു്. തേനും പാലും ഒഴുകുന്ന രാജ്യമാണെന്നാണ് പുറത്തുള്ളവർ ഈ രാജ്യത്തെപ്പറ്റി ധരിച്ചിരിക്കുന്നതു്. ധനലക്ഷ്മിയുടെ വിളയാട്ടം വഞ്ചിനാട്ടിൽ ആണ് എന്നാണ് വെളിയിലുള്ളവരുടെ വിശ്വാസം. ഈ രാജ്യം അതുപോലെ ശത്രുസമ്പൂർണ്ണമെന്നാണ് അവരുടെ ധാരണ. ഇതിനെല്ലാം കാരണം

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju.]

കടലാസിൽ മാത്രം കാണുന്ന ബഡ്ജറിലെ മിച്ചത്തുക കണ്ടുകൊണ്ടാണ്. യഥാർത്ഥം നോക്കുന്നതായാൽ അതൊന്നും ശരിയല്ലെന്നു നമുക്കറിയാം. തിരുവിതാംകൂർ രാജ്യത്തിന്റെ നാട്ടിൻപുറങ്ങളിലേയ്ക്കു ഒരാൾ പ്രവേശിക്കുന്നപക്ഷം ഒരുനേരത്തെ ആഹാരംപോലും കഴിക്കാൻ മാർഗ്ഗമില്ലാതെ അവിടെ അധിവസിയ്ക്കുന്ന കർഷകർ പതുങ്ങുന്നതായി കാണാം. രോഗം ചികിത്സിച്ചു് ഭേദമാക്കാനുള്ള പണമില്ലാതെ, രോഗശയ്യയിൽ കിടന്നു ഞരങ്ങുന്നവരെയും ധാരാളമായി കാണാവുന്നതാണ്. ഒരു നേരത്തെ ആഹാരംപോലും കഴിക്കാൻ നിവൃത്തിയില്ലാതെ കിടന്നു കരയുന്ന പിഞ്ചുകിടാങ്ങളേയും ധാരാളമായി കാണാം. നഗ്നത ശരിയ്ക്കു മറയ്ക്കുവാൻ വസ്ത്രധാരണം ചെയ്യുവാൻ നിവൃത്തിയില്ലാതെ കഴയുന്നു. ഇത്രമാത്രം ദയനീയമായ ഒരു നിലയാണ് നമ്മുടെ നാട്ടിൻപുറത്തുള്ളവർ അനുഭവിക്കുന്നതു്. അങ്ങിനെയുള്ള ഗ്രാമങ്ങളുടെ ഉദ്ധാരണവിഷയത്തിലേക്കുവേണ്ടി ചെലവാക്കാൻ ബഡ്ജറിൽ നീക്കിവച്ചിട്ടുള്ള തുക നാ ൦ ൦ ൦ രൂപ മാത്രമാണ്. എന്നാൽ നഗരവിധാനത്തിനും മറ്റുമായി മൂന്നുലക്ഷത്തിപതിനായിരവും. എന്തെല്ലാം പെരുമ്പറ അടിച്ചാലും ഒരു കാലത്തും വിജയകരമായി അവസാനിക്കയില്ലെന്നും നേരെ മറിച്ചു പരിപൂർണ്ണമായ പരാജയത്തിലെ കലാശിക്കയുള്ളുവെന്നും അക്കും ബോദ്ധ്യമുള്ള ട്രാൻസ്പോർട്ട പദ്ധതിക്കുവേണ്ടി ഇനിയും നാലുലക്ഷത്തിപതിനായിരവും ഇതുവരെ പ്രത്യക്ഷത്തിൽ പരാജയമായിരിയ്ക്കുന്ന പള്ളിവാസൽപദ്ധതിക്കുവേണ്ടി മുപ്പത്തൊന്നിൽ ചിലചാനം ലക്ഷവും രൂപ ചിലവഴിക്കുന്നതിനുദ്ദേശിക്കുന്ന ഗവണ്മെൻറ് കർഷകരുടേയും വ്യവസായികളുടേയും അതുവഴി രാജ്യത്തിന്റേയും യഥാർത്ഥമായ ഐശ്വര്യലക്ഷ്യത്തിനായുള്ള കായ്മായ പദ്ധതികൾ ഒന്നും സ്വീകരിച്ചു കാണുന്നില്ല. ഭൂനികുതിഇനത്തിൽ നാൽപ്പത്തൊന്നുലക്ഷത്തി നാൽപതിനായിരം രൂപയാണ് നമ്മുടെ ഗവണ്മെൻറിനു പ്രതിവർഷം ലഭിക്കുന്നതു്. എന്നാൽ കർഷകന്റെ രക്ഷക്കുവേണ്ടി ചിലവാക്കാൻ നീക്കിവച്ചിരിക്കുന്നതു അറുപത്തിമൂവായിരത്തിഅഞ്ഞൂറിനാല്പത്തിന്റെപതു രൂപാ മാത്രമാണ്. ആ തുക തന്നെയും പരീക്ഷണത്തോട്ടങ്ങൾക്കും മണ്ണുവർ ഡിപ്പോകൾക്കും വേണ്ടി മാത്രമാണ്. ഇതുകൊണ്ടു പ്രയോജനകരമായൊന്നും തന്നെ കർഷകക്കുവേണ്ടി ചെയ്യുവാൻ സാദ്ധ്യമല്ലെന്നു ധനകാര്യദർശി അറിയേണ്ടതാണ്. കർഷകൻ ഈ രാജ്യത്തിന്റെ നട്ടെല്ലാണ്. കർഷകന്റെ ഇന്നത്തെ ദുസ്ഥിതിയെ മാറ്റണമെങ്കിൽ-ഗ്രാമീണരുടെ ഇന്നത്തെ ദയനീയസ്ഥിതിയെ മാറ്റണമെങ്കിൽ-ഗവണ്മെൻറിന്റെ ശ്രദ്ധയും പ്രവർത്തനവും ആ വിഷയത്തിൽ പതിപ്പിക്കേണ്ടതു വളരെ അത്യാവശ്യമാണ്. ഗവണ്മെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഗതിയിൽ തീരെ ആദരണീയമല്ലാത്തവണ്ണമുള്ള ഒരനാസ്ഥയാണ് കാണിച്ചുവരുന്നതു്. ഒരു രാജ്യത്തിന്റെ ഐശ്വര്യം അവിടത്തെ വ്യവസായത്തെയാണ് പ്രധാനമായി ആശ്രയിച്ചിരിയ്ക്കുന്നതു്. വ്യാവസായിക പുരോഗമനം ഉണ്ടെങ്കിൽ മാത്രമെ അവിടെ ഐശ്വര്യമുണ്ടെന്നു് പറയാൻ സാധിക്കയുള്ളൂ. കർഷകരുടേയും വ്യവസായികളുടേയും അതുവഴി രാജ്യത്തിന്റേയും യഥാർത്ഥമായ ഐശ്വര്യലക്ഷ്യത്തിനായുള്ള കാര്യമായ പദ്ധതികൾ ഒന്നും സ്വീകരിച്ചു കാണുന്നില്ല. ഉപയോഗശൂന്യമായ കൃഷിഡിപ്പാർട്ടുമെന്റു് കർഷകർക്കു് പ്രയോജനകരമാംവണ്ണം പരിഷ്ക്കരിച്ചു് കൃഷിക്കാർക്കു് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനൊ ഇവിടത്തെ ഉല്പന്നങ്ങൾക്കു ന്യായമായ വിലകൊടുത്തു ശേഖരിച്ചു വിദേശമാർക്കറ്റു കണ്ടുപിടിച്ചു നല്ല വിലയ്ക്കു വിറ്റു അവരെ സഹായിക്കുന്നതിനോ പര്യാപ്തമായ എന്തെങ്കിലും നിർദ്ദേശം നൽകുന്നതിനു ധനകാര്യദർശി അപ്രാപ്തനും അലസനുമായി കാണുന്നതു അഭിലഷണീയമല്ല.

നിരവധി ഉദ്യോഗങ്ങൾ ആവശ്യമില്ലാതെ രാജ്യത്തിനു അപമാനകരമാംവണ്ണം ഭീമമായ സംഖ്യകൾ ചിലവുചെയ്തു പോറ്റിക്കൊണ്ടുപോകുന്നുണ്ടു്. അതിലൊന്നാണു് ഇവിടത്തെ എ. പി. ഐ. യ്ക്കു തൊട്ടു പ്രയോജനവുമില്ലാത്തതും നേരേമറിച്ചു് ദോഷഭൂയിഷ്ഠമായ ഫലത്തെ ഉണ്ടാക്കുന്നതും അപമാനകരവുമായ പ്രസ്താവനകൾക്കു് ഇടയാക്കുന്നതുമാണു് ഇവിടത്തെ എ. പി. ഐ. ഇവിടെ നടക്കുന്ന സംഭവങ്ങൾക്കു് പാടെ വിപരീതമായി സർ സി. പി. രാമസ്വാമിഅയ്യരുടെ ആവശ്യവും ഹിതവും നിർദ്ദേശവും അനുസരിച്ചു അനർഹമായ പ്രശസ്തി നാട്ടിനു് വെളിയിൽ പരത്തുന്നതിനു് വേണ്ടിയാണു് ഈ വ്യാജവാത്താവിതരണാലയമായ എ. പി. ഐ. ക്കു് ഇരുപത്തിനാലായിരംരൂപ വ്യാജവാത്താവിതരണത്തിൻവേണ്ടി നൽകുന്നതു. ഈ തുക-അല്പകാലം മുമ്പുവരെ ഇവിടത്തെ ദിവാൻജിമാക്കു് ആണ്ടുതോറുംകൊടുത്തുവന്നിരുന്ന ശമ്പളത്തോളം വരുന്ന ഈ ഭീമസംഖ്യ-ഇങ്ങനെ ദുർവ്യയം ചെയ്യുന്നതു രാജ്യത്തിന്റെ നന്മക്കല്ലെന്നുള്ളതു തീർച്ചയാണു്. ഇവിടത്തെക്കാൾ കൂടുതൽ പ്രസിദ്ധീകരണം ആവശ്യമുള്ളതും ധനക്കൊഴപ്പു നമ്മേക്കാൾ ഉള്ളതുമായ ഇൻഡ്യാഗവണ്മെന്റു പോലും പ്രതിവർഷം പന്തീരായിരം രൂപാ മാത്രമെ അവിടത്തെ വാത്താവിതരണാലയത്തിനുവേണ്ടി കൊടുക്കുന്നുള്ളൂ. പക്ഷെ ആ തുക അവിടെ കൊടുക്കുന്നതു ഇവിടത്തെപ്പോലെ "നൂണ" പറയാനല്ല. അവിടെയുള്ള ഡിപ്പാർട്ടുമെന്റു് മേലദ്ധ്യക്ഷന്മാർക്കു് അതാതു കാലത്തു ലഭിക്കേണ്ട അറിവുകൾ അപ്പോഴപ്പോൾ വിതരണംചെയ്യുന്നതിനുവേണ്ടിയാണു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju.]

പന്തീരായിരം രൂപാ കൊടുക്കുന്നതു്. നമ്മുടെ അയൽ രാജ്യമായ കൊച്ചി ഇവരിൽനിന്നുമുള്ള ശല്യവും നഷ്ടവും ഒഴിക്കുകയും അവിടെ എ. പി.ഐ-യുടെ ആവശ്യമില്ലെന്നു് അവസാനമായി തീരുമാനിച്ചുംകഴിഞ്ഞു.

ദുരഭിമാനമില്ലെങ്കിൽ കൊച്ചിയെകണ്ടു നമുക്കു പലതുംപഠിക്കാനുണ്ടു്. കൊച്ചിയുടെ ഇന്നത്തെനില എത്രയോ പ്രശാന്തമായിട്ടാണിരിക്കുന്നതു്. കൊച്ചീക്കാരെകാണുമ്പോൾ നമുക്കുനാണവും അസൂയയും തോന്നുന്നു. എന്നാൽ നമ്മുടേതു് എത്ര ഭയനീയമാണു്? ഇവിടത്തെ ഉദ്യോഗസ്ഥന്മാർ അനീതിയായി പ്രത്യക്ഷത്തിൽ ധൈര്യമായും അക്രമമായും ഇപ്പോൾ എന്തും പെരുമാറുന്നതിനു ഒരു മടിയുമില്ല. എന്നാൽ ഈ നാട്ടിലെ സാധുക്കളായ ഉദ്യോഗസ്ഥന്മാരെ കുറ്റം, പറഞ്ഞതുകൊണ്ടു ഫലമില്ല. ഉദ്യോഗം വേണമെന്നു ആശിക്കുന്ന കാലത്തോളം ഭരണമേധാവിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അനുസരിച്ചു ജീവിച്ചാലെ സാധിക്കുകയുള്ളൂ. എന്നാൽ ഇതിനു ഉത്തരവാദി ആരാണെന്നു ഞാൻ ഇവിടെ പറയണമെന്നില്ല. ഏവർക്കും അറിയാവുന്നതാണു്. ഈ പ്രൊസിനകത്തു പോലും ഈ അഴിമതി കാണുന്നുണ്ടു്. ഇതു ലജ്ജാവഹമാണു. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥമണ്ഡലത്തിന്റെ മനോഭാവം പരിഹാസ്യമാംവണ്ണം അധഃപതിച്ചുകാണുന്നു. ഈ കഴിഞ്ഞ ഫെബ്രുവരി 22-ാംതീയതി മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിൻകീഴിൽ തിരുവിതാംകൂറിൽ ഉത്തരവാദിത്വഭരണം ഏർപ്പെടുത്തണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഒരു അടിയന്തിരപ്രമേയം ഈ സഭയുടെ പര്യാലോചനക്കായി അവതരിപ്പിച്ചു. ആ നിശ്ചയത്തെ ഞാൻ അനുകൂലിച്ചു സംസാരിച്ചു. എന്നാൽ ഞാൻ ചെയ്ത പ്രസംഗത്തിന്റെ പല പ്രധാന ഭാഗങ്ങളും വിട്ടുകളഞ്ഞിട്ടാണു് അസംബ്ലി പ്രൊസീഡിംഗ്സ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. പ്രസിഡൻറിന്റെ അനുമതിയോടുകൂടി അതിനെപ്പറ്റി ഗവണ്മെൻറിൽ നിന്നു എനിക്കു കിട്ടിയ ലറർ ഇവിടെ വായിക്കാം.

PRESIDENT: I am informed by the Secretary to the Legislative Assembly that no portion of the speech, as delivered by the honourable member, was omitted. But, if he wants to enforce his argument he might give examples.

There is one more point. It has occurred in other Assemblies, that honourable members bringing manuscripts to be read sometimes, find no occasion to deliver portions of it. They have, as the proceedings of the Legislative Assembly in Simla would show, wanted every portion to be inserted in the official proceedings. The ruling is, that whatever that has not been read will not go into the report.

LIBRARY ARCHIVES Kerala Legislative Assembly

I want to know whether it is the undelivered or the delivered portion of the speech that has been omitted.

MR. P. K. KUNJU: Sir, the delivered portion.

PRESIDENT: Then he will kindly proceed. But, I wish to know whether any complaint has been made to the President of the Assembly regarding the non-publication of any portion of the speech?

MR. PUTHUPALLI S. KRISHNA PILLAI (*Legal Remembrancer*): Sir, it will appear from the statement made by the honourable member that the facts refer to report which was made previously. Mr. Gunamony was not the Secretary of the Legislative Assembly then; therefore, his statement "Yes" or "No" cannot represent facts.

PRESIDENT: Was any complaint made to the President or the Secretary of the Assembly to the effect that a portion of the speech was not reported in the Proceedings, if so, what is the date of the letter? Was any letter addressed to the Secretary or President.

MR. P. K. KUNJU: Sir, I have got a letter on the 6th April 1936.

PRESIDENT: That is the letter you sent.

MR. A. GUNAMONY: Yes, Sir.

PRESIDENT: I wish to know the date of the letter conveying the complaint of the honourable member.

MR. P. K. KUNJU: Sir, I am making a complaint now.

PRESIDENT: Order, order. That is not open now. When the Proceedings were sent to him after delivery of the speech it was open for him to make any complaint. He could not make any complaint now.

MR. P. K. KUNJU: സർ, ഇങ്ങിനെയുള്ള അഴിമതികളെപ്പറ്റി വേണമെങ്കിൽ ഞങ്ങൾ കണ്ണടയ്ക്കാം, സഹിക്കാം.

PRESIDENT: rder. order. The honourable member cannot proceed in that strain. The honourable member must remember Parliamentary Rules; if he does not know that, steps will be taken.

MR. P. K. KUNJU: സർ, പാർലിമെന്ററികാര്യം അറിഞ്ഞുകൂടാഞ്ഞിട്ടല്ല. രാജ്യത്തിന്റെ ശ്രേയസ്സിനെ സാരമായി സ്പർശിക്കുന്ന ഏതു സംഗതിയെപ്പറ്റിയും ഞങ്ങൾ വേണമെങ്കിൽ കണ്ണടച്ചുകളയാം. അതിരാട്ടമുള്ള ബഹുമാനക്കുറവുകൊണ്ടല്ല, പരമാർത്ഥം തുറന്നു പറയുന്നുവെന്നേയുള്ളൂ. ഈ രാജ്യത്തിന്റെ സുഖശസ്സിനുപോലും സാരമായ ഹാനി ജനിക്കുന്ന വണ്ണമുള്ള സർ സി. പി. രാമസ്വാമിഅയ്യരുടെ ഭരണവൈകല്യങ്ങൾ കണ്ടാൽ കുറെക്കെ കണ്ണടച്ചേക്കാം എന്നാൽ സഹിക്കാൻ പാടില്ലാത്ത പല സംഗതികളും ഇവിടെ നടന്നുകഴിഞ്ഞു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. അഭിമാനപൂർവ്വം തല ഉയർത്തി നടക്കാൻപോലും ഈ നാട്ടുകാർക്കു അർഹതയില്ലാത്ത നിലയാണ് ഇന്നത്തേതു്. എന്നാൽ ഞാനും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju.]

ക്കൂടെ ഉൾപ്പെട്ടിരിക്കുന്ന സ്റ്റേറുകാൺഗ്രസ്സു പാർട്ടി രാജദ്രോഹപരവും വ്യവസ്ഥാഭഞ്ജകവും ആണെന്നു ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഞങ്ങൾ എന്തു രാജദ്രോഹമാണു് ചെയ്തതു്? രാജഭക്തി എന്നുള്ളതു് ഞങ്ങൾക്കു പാരമ്പര്യമായി ഉള്ള ഏറ്റവും വലിയ ഗുണമാണു്. ജനനം മുതൽ രാജഭക്തി മുലപ്പാലോടുകൂടി ഊറ്റിക്കുടിച്ചു വളർന്ന ഞങ്ങൾക്കു മനസാ വാചാ കർമ്മണാ രാജസ്ഥാനത്തിനു എതിരായൊന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല. ഭക്തി എന്നുള്ളതു് ഞങ്ങളുടെ ഏറ്റവും ആദരണീയമായ ഒരു ഗുണവിശേഷമാണു്. ഞങ്ങൾ രാജദ്രോഹപരമായ എന്തു കൃത്യമാണു് ചെയ്തതു്? ഞങ്ങളുടെ ജീവനേക്കാൾ കാമ്യമായ സ്റ്റേറു കാൺഗ്രസ്സു് പ്രവർത്തനത്തിൽ ഏർപ്പെട്ടതാണോ ഞങ്ങളുടെ രാജദ്രോഹം. സ്റ്റേറു കാൺഗ്രസ്സിൽ ചേർന്നു് ഉത്തരവാദിത്വഭരണം വേണമെന്നു് ആവശ്യപ്പെട്ടതുകൊണ്ടാണോ ഞങ്ങളുടെ രാജഭക്തിക്കു ദോഷം വന്നുപോയതു്.

PRESIDENT: The honourable member has no right to say that. He is not right in assuming that agitation for responsible Government is regarded as disloyal.

MR. E. JOHN PHILIPOSE: Sir, then what is it that is said to be disloyal?

PRESIDENT: The honourable member has no right to interrupt.

MR. P. K. KUNJU: ഉത്തരവാദഭരണം നാം കണമെന്നു പറഞ്ഞതല്ല രാജദ്രോഹികളാകാൻ കാരണമെങ്കിൽ, സ്റ്റേറുകാൺഗ്രസ്സിൽ ചേർന്നുള്ള പ്രവർത്തനംകൊണ്ടായിരിക്കാം രാജഭക്തി ഇല്ലാത്തവരായി തീർന്നിട്ടുള്ളതു്. സർ സി. പി യെ അനാവശ്യമായി വാഴ്ത്താനും അദ്ദേഹത്തിന്റെ രാജ്യക്ഷേമകരമല്ലാത്ത ഭരണികാരവിനിയോഗനയത്തെ പ്രശംസിക്കാനും ഞങ്ങളുടെ ആത്മാഭിമാനം ഞങ്ങളെ അനുവദിക്കാത്തതല്ലയൊ ഞങ്ങൾ രാജദ്രോഹികളാണെന്നു വിധി കല്പിക്കാൻ കാരണമായതു്. വ്യവസായ പുനരുദ്ധാരണത്തിന്റേയും അല്ലാതേയുമുള്ള പല സംരംഭങ്ങളുടേയുംപേരിൽ ഈ രാജ്യം അനുദിനം അനുഭവിക്കുന്ന നഷ്ടത്തെക്കുറിച്ചു പറയുന്നതാണോ ഞങ്ങൾ ചെയ്യുന്ന തെറ്റു്. പൊതുജനദൃഷ്ടിയിൽ ഇത്രത്തോളം അതൃപ്തിയും അവിശ്വാസവും വെറുപ്പുമുള്ള മറൊരു ദിവാൻജി ഇതുവരെ ഇരുന്നിട്ടില്ലെന്നു നിർഭയമായി ദേശാഭിമാനത്തോടുകൂടി പൌരുഷമായി തുറന്നുപറയുന്നതാണോ ഞങ്ങൾ ചെയ്ത അപരാധം. ഈ രാജ്യത്തെ അപകടനിലയിൽ നിന്നും ഉയർത്തുന്നതിനു ഞങ്ങളാൽ കഴിവുള്ള എളിയ സേവനം ചെയ്യുന്നതാണോ ഞങ്ങൾ ചെയ്ത നിയമഭഞ്ജകത്വം.

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു അത്ഭുതം തോന്നുന്നു. നമ്മുടെ ചക്രം വാങ്ങിക്കുന്ന ഇവിടത്തെ ഏറ്റവും വലിയ ഉദ്യോഗസ്ഥൻ, അതും, ഒരു വിദേശി, ജനപ്രതിനിധികളായ ഞങ്ങളുടെ മുഖത്തുനോക്കി പൂർണ്ണ ഉത്തരവാദിത്വം ഏറ്റുകൊണ്ടാണെങ്കിലും ഞങ്ങൾ രാജദ്രോഹികൾ എന്നു പറഞ്ഞതു് അവിവേകമാണു്. തിരുവിതാംകൂർകാരോടു പൊതുവെ കാണിച്ച ഒരു അവഹേളനവുമാണതു്. ഈ രാജ്യത്തോടു സ്ഥായിയായ ഒരു ബന്ധവും അവകാശവുമില്ലാത്ത അദ്ദേഹത്തെപ്പോലെ തൽക്കാലാവശ്യത്തിനു രാജഭക്തിപ്രദർശനം നടത്തുന്നവരല്ല ഞങ്ങൾ എന്നും ഞങ്ങളുടെ സന്താനപരമ്പരകൾ ഇവിടെതന്നെ താമസിക്കാനുള്ളവരാണെന്നും ഞങ്ങൾ പാരമ്പര്യമായി ഇവിടെതന്നെ താമസിക്കുന്നവരാണെന്നും മഹാരാജാവു തിരുമനസ്സിലെ നിരവധിലക്ഷം ജനങ്ങളുടെ ബഹുമാനവും വിശ്വാസവും ആർജ്ജിച്ച അതിന്റെ ഫലമായി തെരഞ്ഞെടുക്കപ്പെട്ടു വന്നവരാണു് ഞങ്ങൾ എന്നും അവരുടെ പ്രതിനിധികളായ ഞങ്ങൾ രാജദ്രോഹികളാണെന്നു പറയുന്നതു അവർക്കു മാത്രമല്ല ഒരു തനി തിരുവിതാംകൂർകാരനായ ആരുടേയും രാജഭക്തിയേയും ദേശാഭിമാനത്തേയും സർവോപരി രാജഭക്തിയേയും ചോദ്യം ചെയ്യുന്നതാണെന്നും അതിൽ ഏവർക്കും പ്രതിഷേധമുണ്ടെന്നും സർ സി. പി. രാമസ്വാമിഅയ്യർ ധരിക്കണം.

MR. M. L. JANARDANA PILLAI: Sir, I rise a point of order. I wish to know whether a member is right in referring to personaliities within this House.

PRESIDENT: Order, order. The rules of debate provide that a member shall not make a personal charge against another or utter treasonable or seditious words. I am aware of it and when I find it I shall enforce that provision.

MR. P. K. KUNJU: ഞാൻ മെമ്പറെപ്പറ്റി പറഞ്ഞിട്ടില്ല. തിരുവിതാംകൂർ ദിവാൻജി എന്ന നിലയിൽ ഉത്തരവാദിത്വം ഏറ്റെടുത്തു് ചെയ്ത പ്രസ്താവനയെക്കുറിച്ചാണു ഞാൻ പറയുന്നതു്. മഹാരാജാവു തിരുമനസ്സിലെ നിരവധിലക്ഷം ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഞങ്ങൾ രാജഭക്തി ഇല്ലാത്തവരാണെന്നും രാജദ്രോഹികളാണെന്നും പറഞ്ഞാൽ ഇവിടത്തെ പ്രജാസഞ്ചയത്തിനു് ഞങ്ങളുടെമേലുള്ള വിശ്വാസം എന്താണു്? അവരുടെ രാജ്യാഭിമാനത്തേയും രാജഭക്തിയേയും ഗ്രഹിപ്പെടുത്തുന്ന ആ പ്രസ്താവനയെ എതിർക്കുകയും പ്രതിഷേധിക്കുകയും ചെയ്യേണ്ടതു് ഒരു തിരുവിതാംകൂറുകാരന്റെ പ്രഥമവും ന്യായവുമായ ഒരു ചുമതലയാണു്. ഇതിനെ വച്ചുംകൊണ്ടു തിരുവിതാംകൂർ ദിവാൻജിയവർകൾ ചെയ്ത അനാവശ്യപ്രസ്താവന—ഈ രാജ്യത്തെ പ്രജാസഞ്ചയത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju.]

ന്റെ മുഖത്തുനോക്കിക്കൊണ്ടു ചെയ്ത ആ പ്രസ്താവന വളരെ അവിവേകമായിപ്പോയി എന്നാണു എനിക്കു പറയാനുള്ളതു. തിരുവിതാംകൂറിലെ ജനങ്ങളെ ഇപ്പോൾ രണ്ടായി തരംതിരിച്ചിരിക്കുകയാണ്. കോതമംഗലത്തുവച്ചു ദിവാൻജിയവർകൾ ചെയ്ത പ്രസംഗത്തിൽ ഇവിടുത്തെ മനുഷ്യരെ രാജഭക്തിയുള്ളവരെന്നും ഇല്ലാത്തവരെന്നും രണ്ടുകൂട്ടരാക്കി തരംതിരിച്ചു.

MR. E. JOHN PHILIPOSE: May I know whether any loyal person would even attempt to put loyalty in communal compartments?

MR. P. K. KUNJU: Never.

അവസാനമായി എനിക്കു പറയാനുള്ളതു് ആലപ്പുഴയുള്ള തൊഴിലാളികളെപ്പറ്റിയാണ്. അവരുടെ ശോച്യാവസ്ഥയെ സംബന്ധിച്ചു് ഈ ഹൗസ്സിന്റേയും ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരുടേയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അവരുടെ പരാതിയെ വച്ചുകൊണ്ടു് അതിനെപ്പറ്റി ഒരു അന്വേഷണം നടത്തുന്നതിനായി ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ നിയമിച്ചു. ആലപ്പുഴയുള്ള മൂലധനമില്ലാത്ത ഫാക്ടറി ഉടമസ്ഥന്മാക്കു് ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരുടെ ആനുകൂല്യം ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതി പ്രത്യക്ഷത്തിൽ എല്ലാവക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അതിനു പല കാരണങ്ങളും ഉണ്ടു. അതിനെപ്പറ്റി എന്തെങ്കിലും ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ അന്വേഷണത്തിനായി നിയമിച്ചു എങ്കിലും ഇതുവരെ അദ്ദേഹത്തിന്റെ അന്വേഷണം പൂർത്തിയാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ നിയമനകാലത്തുതന്നെ ആ നിയമനത്തെ പ്രതിഷേധിച്ചുകൊണ്ടു പല പ്രസ്താവനകളും ഉണ്ടായിട്ടുണ്ടു. തൊഴിലാളികളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുകയാണ് ഒരു ഗവണ്മെന്റിന്റെ മൗലികതത്വം എന്നുള്ളതു് നമ്മുടെ ഗവണ്മെന്റു അംഗീകരിച്ചുകാണുന്നില്ല. അടുത്തകാലത്തു കൊച്ചിയിലെ ദിവാൻജി നിയമസഭയിൽവച്ചു ചെയ്ത പ്രസംഗം നമ്മുടെ ഗവണ്മെന്റിനു വളരെ ശ്രദ്ധേയമായിട്ടുള്ള ഒന്നാണ്. ഏതെങ്കിലും വ്യവസായത്തെ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ, ഏതെങ്കിലും വ്യവസായം പരിപുഷ്ടിപ്പെടണമെന്നുദ്ദേശിക്കുന്നുണ്ടെങ്കിൽ, ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സങ്കടത്തിനു പരിഹാരം ഉണ്ടാക്കുകയാണു് അത്യാവശ്യമായിട്ടുള്ളതു. നമ്മുടെ ദിവാൻജി അവർകളും പല പല നൂതനങ്ങളായ വ്യവസായപുനരുദ്ധാരണവിഷയത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളാണ്. എന്നാൽ അനാരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

രായ വേലക്കാരെ സൃഷ്ടിക്കാതിരിക്കുന്നതിനുള്ള ചുമതലയും അദ്ദേഹത്തിനുണ്ട്. ആലപ്പുഴ തൊഴിലാളികൾ പണിമുടക്കു തുടങ്ങിയപ്പോൾ അവിടത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അവരുടെ സകലവിധ സംഘങ്ങളെയും നിരോധനാജ്ഞകൊണ്ടു തടഞ്ഞു. തൊഴിലാളി പ്രവർത്തകന്മാരുടേയും പേരിൽ കേസെടുത്തു. കേസ് ഉൗർജ്ജിതത്തിൽ ഇരിക്കുന്നതുകൊണ്ട് അതിനെ സംബന്ധിച്ച് കൂടുതലായി ഒന്നും ഇവിടെ പറയുന്നില്ല. തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കു വിപരീതമായും അവരുടെ ന്യായപരമായ പ്രവർത്തനങ്ങളെ തടഞ്ഞും നിരോധനാജ്ഞ പുറപ്പെടുവിച്ച ആ ആളെത്തന്നെ അവരുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കാൻ അന്വേഷണവിദഗ്ധനായി നിയമിച്ചതു വളരെ അത്ഭുതം തന്നെയാണ്. അതെല്ലാം എന്തുതന്നെ ആയാലും അദ്ദേഹത്തിന്റെ അന്വേഷണം പൂർത്തിയാക്കിയാൽ കൊള്ളാമായിരുന്നു. ഈ വക സംഗതികൾ ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

ഭീമമായ സംഖ്യകൾ ശമ്പളമായികൊടുത്തു അനാവശ്യമായും അപമാനകരമായും മറുള്ളവരുടെ പരിഹാസത്തിനു പാത്രമാകത്തക്കവിധത്തിലുമുള്ള പല ഉദ്യോഗങ്ങളും ഇവിടെ ഉണ്ട്. അതിലൊന്നാണ് ഇൻഫർമേഷൻ ഡയറക്ടർ. സ്റ്റേറ്റു കാൺഗ്രസ്സിലെ പ്രവർത്തകന്മാർ മദ്രാസിൽ പോയി തിരുവിതാംകൂറിലെ സ്ഥിതിഗതികളെക്കുറിച്ച് ഒരു സ്റ്റേറ്റുമെൻറു പ്രസിദ്ധപ്പെടുത്തിയപ്പോൾ ... ...

PRESIDENT : I now have got the matter ready. In the speech sent to the member for correction, there were several additions which were not mentioned at all on the floor of this House as will be seen from a scrutiny of the shorthand report. Hence these were deleted and the member informed about it. Just now, I see that the honourable member did not deliver a series of sentences and that he wanted to insert them in the speech. He was not allowed to do so because the shorthand report and the honourable member's version were found to be different.

MR. E. JOHN PHILIPOSE : Sir, as a member of this House I willbe glad to know whether it is the word of the member or the version of the shorthand reporter that is to be believed.

PRESIDENT : The shorthand reporters are officers of this House and they are here for purposes of taking accurate notes. If there was any point of denial of what the Shorthand Reporter has written out, and if the honourable member had raised it as a matter of privilege, an enquiry would have been at once initiated with regard to the short coming, if any, of the Shorthand Reporter. It is unheard of that any Shorthand Reporter will omit to record long sentences that have been actually delivered. It is unusual, for shorthand writers to omit passages like that. The Assembly records

LIBRARY ARCHIVES Kerala Legislative Assembly

[President.]

of Simla bear witness to the fact that honourable members cannot insert into the reports of their speeches portions which they have not delivered.

MR. P. K. KUNJU : സർ, ഞാൻ ചെയ്ത പ്രസംഗത്തെക്കുറിച്ച് ക്ലേശത്തിൽ ബോദ്ധ്യമുള്ളത് മറ്റാരെക്കാളും എനിക്കാണ്. എന്റെ നോട്ടുനോക്കി പ്രത്യേകമായി പറയണമെന്ന് ഉദ്ദേശിച്ച് മനസ്സിലാക്കിവച്ചിരുന്ന സംഗതിയാണ് അത്. അതു ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. പ്രൂഫ് സീഡിംഗ്സിൽ കണ്ട ഒമിഷനെക്കുറിച്ച് എന്റെ പല സ്നേഹിതന്മാരുമായി ഡിസ്ക്കസ് ചെയ്കയും ചെയ്തിട്ടുണ്ട്. അതിനുശേഷം ആ ഭാഗത്തെ പ്രത്യേകം എടുത്തു കാണിച്ച് തിരുത്തി അയച്ചു. മറ്റൊന്നും എനിക്കറിവില്ല. ഫയിനലായ പ്രൂസീഡിംഗ്സും ലഭിച്ചശേഷമാണ് എനിക്കു പിന്നീട് കിട്ടിയത്. ഞാൻ തിരുത്തി അയച്ച ഭാഗങ്ങളും അതിൽ ചേർക്കാൻ സാദ്ധ്യമല്ലെന്നു എനിക്കു അപ്പോൾത്തന്നെ അറിയാം. അതുകൊണ്ടാണ് എനിക്ക് ഒരു സ്റ്റേറ്റുമെന്റു പറയാനുണ്ടെന്ന് ഈ അസംബ്ലി ആരംഭിച്ച ദിവസം ഞാൻ പറഞ്ഞത്. എന്നാൽ സ്റ്റേറ്റുമെന്റു എന്താണെന്നു പറയാൻ പ്രസിഡൻറു അവർകൾ എന്നെ അനുവദിച്ചില്ല.

PRESIDENT : Order, order. If the honouroble member wanted to deliver the same, what may be called the un-spoken speech, to day, there would have been no objection. The objection that was taken, arose from the fact that he said that it was part of the speech that he actually delivered.

MR. E. JOHN PHILIPOSE : Sir, is it right and fair that it should be called 'un-spoken speech . When an honourable member of this House definitely asserts that he did make a certain statement on the floor of this House and that it was omitted in the report, is it right to call that 'un-spoken'?

PRESIDENT : The honourble member, who presumably knows his business better than the honourable member who has intervened, has not complained about this up to this moment. The President of the Assembly has a right to look into the matter. If he thinks that the privilege of a member has been infringed, he would naturally intervene to set matters aright.

The House adjourned at 1 to meet at 2.

MR. P. K. KUNJU : സർ, എന്റെ പ്രസംഗം ഞാൻ ചെയ്തതാണെന്നു എനിക്കു അതു ഓർക്കാൻ കഴിയും. നേരത്തെതന്നെ ഇന്നതു പറയണമെന്നു നിശ്ചയിച്ച് ഞാൻ പറഞ്ഞതാണ്. ഞാൻ പറഞ്ഞതു ഞാൻ പറഞ്ഞതല്ലാ എന്നു പറയുവാൻ ആർക്കും അവകാശമില്ല. ആ കാലത്തു പ്രസിദ്ധീകൃതമായിട്ടുള്ള ചില പത്രങ്ങളിൽ എന്റെ പ്രസംഗം യഥാ

LIBRARY ARCHIVES Kerala Legislative Assembly

കാലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിനുശേഷമാണ് സ്പീച്ച് തിരുത്താൻ എനിക്കയച്ചത്. അവ തിരുത്തി സാധാരണപോലെ മടക്കി അയയ്ക്കുകയും ചെയ്തു. പക്ഷെ പ്രൊസീഡിംഗിസിൽ കാണുന്നില്ലന്നേയുള്ളൂ. അന്നു ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം ചില പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്നതിന്റെ കാപ്പി ആവശ്യമുള്ളപക്ഷം അയച്ചുതരാൻ ഞാൻ തയ്യാറാണ്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പ്രസംഗം നീട്ടിക്കൊണ്ടുപോകണം എന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, എന്തൊക്കെയാണ് ഇതരസംഭവങ്ങൾ എങ്കിലും ഇനിയും ഈ രാജ്യത്തെ ജനങ്ങളിൽ ഒരു ന്യൂനപക്ഷം അല്പകാലം രാജദ്രോഹികളാണെന്നു അവിവേകമായി പറയാൻ തോന്നിയ മനോഭാവം തിരുവിതാംകൂറിലെ ജനങ്ങളുടെ നേക്കു സർ സി. പി. രാമസ്വാമിഅയ്യർ കാണിച്ച ഒരു നിന്ദയാണെന്നാണു ഞാൻ കരുതുന്നതു്. രാജ്യത്തെ അപകടമായ നിലയിൽനിന്നുയർത്താനായി, ഉദ്യോഗസ്ഥന്മാരുടെ അനീതികളെയും അഴിമതികളെയും ദൂരീകരിച്ചു് ജനക്ഷേമം വളർത്താനായി, സർ സി. പി. രാമസ്വാമിഅയ്യരുടെ ഉദ്ധികാരവിനിയോഗത്തെ തടഞ്ഞു് ജനക്ഷേമം ഉണ്ടാക്കാനായി ഞങ്ങൾ വിചാരിച്ചതല്ലാതെ രാജദ്രോഹപരമായി ഒന്നും ചെയ്തിട്ടില്ലെന്നു മറുള്ളവർ അറിഞ്ഞാൽ മതി. ഒരു വാക്കുകൂടി പറയാനുള്ളതു് ബഡ്ജറ്റു് സമർപ്പണവേളയിൽ ദിവാൻ പ്രസിഡൻറ് നമ്മോടു ചെയ്ത പ്രസംഗത്തെ കുറിച്ചാണു്. രാഷ്ട്രീയസംഗതികളിൽ അഭിപ്രായവ്യത്യാസങ്ങളും കക്ഷിരൂപീകരണവും ഉണ്ടാകുന്നതു സ്വാഭാവികമായാണു്. എന്നാൽ വ്യാവസായികമോ സാമ്പത്തികമോ വിദ്യാഭ്യാസപരമോ ആയ വിഷയങ്ങളെ സംബന്ധിച്ചുള്ള സംരംഭങ്ങളിൽ ഗവണ്മെൻറിനോടു സകലരും സഹകരിച്ചു പ്രവർത്തിക്കണമെന്ന അദ്ദേഹം അഭിപ്രായപ്പെട്ടു. വളരെ അഭിനന്ദനീയമായ ഒരു അഭിപ്രായമാണതു്. അദ്ദേഹം അതു് ആത്മാർത്ഥതയോടുകൂടി പറഞ്ഞതാണെങ്കിൽ അതു വളരെ പ്രശംസാർഹംതന്നെ. ഈ രാജ്യത്തെ ജനങ്ങളുടെ അഭിവൃദ്ധിക്കു് ചെയ്യേണ്ടതെന്താണെന്നു് അദ്ദേഹം ചിന്തിക്കണം. അദ്ദേഹം ഇവിടെ ചെയ്തതെന്താണു്? ഒരുവശത്തു ഈ രാജ്യത്തെ ഭാവി പൗരന്മാരായിത്തീരേണ്ട വിദ്യാർത്ഥികളുടെ തല തല്ലിക്കീറി; മറുവശത്തു നിരോധനാജ്ഞമൂലം പൊതുജനങ്ങളുടെ പൗരാവകാശത്തെ തടഞ്ഞുനിറുത്തി; വന്യമൃഗങ്ങൾ സഞ്ചരിക്കുന്ന കാടൊഴിച്ചു ബാക്കിയുള്ള സ്ഥലത്തെല്ലാം നിരോധനാജ്ഞ നടപ്പാക്കി വായ് മൂടിക്കെട്ടി: മനുഷ്യർക്കു് യാതൊരുവിധത്തിലും സൈ്വരമായി ജീവിക്കാൻ നിർവാഹമില്ല; പൗരാവകാശം സംരക്ഷിക്കാൻ നിർവാഹമില്ല; ഈ പരിതസ്ഥിതി അദ്ദേഹം ഇവിടെ വരുത്തിവച്ചു. മനുഷ്യർക്കു് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju]

പ്രാഥമികവും പ്രധാനവുമായ സംഗതിയാണ് പൗരാവകാശം. അതില്ലാത്തതായ ഈ നാട്ടിൽ സാമ്പത്തികപുരോഗതിക്കുവേണ്ടി സഹകരിച്ചു പ്രവത്തിക്കണമെന്നു പറയുന്ന അഭ്യർത്ഥനയെ ഞാൻ ഖോഭ്യംചെയ്യുകൊള്ളുന്നു. ദിവാൻജിയുടെ പ്രസ്താവന വാസ്തവത്തിൽ രാജ്യത്തിനു ക്ഷേമകരമാണ്; ജനസമുദായങ്ങളും തമ്മിൽ സഹകരിച്ചു പ്രവത്തിക്കുന്നതു വളരെ ഉപയോഗപ്രദവുമാണ്. എന്നാൽ ഇതിനെ ആശ്രയിച്ചു നിൽക്കുന്ന മറ്റു പരിതസ്ഥിതികൾക്കുകൂടി മാറ്റം വരുന്നതിനു അദ്ദേഹത്തിന്റെ ഇന്നത്തെ മനോഭാവത്തിനു മാറ്റം വരുത്തണം എന്നു ഞാൻ അദ്ദേഹത്തോടാവശ്യപ്പെട്ടുകൊള്ളുന്നു.

അവസാനമായി എനിക്കു പറയുവാനുള്ളതു ഡയറക്ടർ ആഫ് ഇൻഫർമേഷന്റെ ചില പ്രവത്തനങ്ങളെ സംബന്ധിച്ചാണ്.

PRESIDENT: The honourable member has three minutes more.

MR. P. K. KUNJU: മദ്രാസ് സ്റ്റേറ്റ് കാൺഗ്രസ് ഡലിഗേഷൻ തിരുവിതാംകൂറിലെ ക്ലേശഭൂയിഷ്ഠമായ ജീവിതത്തെ പരാമർശിച്ചുകൊണ്ടു ഒരു സ്റ്റേറ്റ്മെൻറ് പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനെ സംബന്ധിച്ചു ഡയറക്ടർ ആഫ് ഇൻഫർമേഷൻ പരമതാത്പരഹിതവും ധിക്കാരപരവും അന്തസ്സാരവിഹീനവുമായ ഒരു സ്റ്റേറ്റുമെൻറുപുറപ്പെടുവിച്ചു. ഞാൻ ആ ഉദ്യോഗസ്ഥനെ കൂടുതൽ പറയുന്നില്ല. അദ്ദേഹം വെറും ഏറാൻമൂളിയുകമാത്രമായിരിക്കും ചെയ്തത്. "His Master's voice" ആണതു്. ഇതു ഇവിടത്തെ പൊതുജനനേതാക്കന്മാരുടെ രാജ്യസേവനത്തെ മലിനമാക്കിക്കാണിക്കാനുള്ള ഒരു വിദ്യയായിരുന്നു.

മറ്റൊരു സംഗതിക്കുടി ഞാൻ പറഞ്ഞുകൊള്ളട്ടെ. "രാജദ്രോഹക്കേസ്" എന്നറിയപ്പെടുന്ന ഒരു കേസിലെ പ്രതിയായ മി. ഏ. നാരായണപിള്ളയ്ക്കുവേണ്ടി ഇൻഡ്യയിലെ ഒരു സുപ്രസിദ്ധനേതാവും അഭിഭാഷകപ്രവീണനും ആയ മി. കെ. എഫ്. നരിമാൻ ഇവിടെ വരികയും മി. ഏ. നാരായണപിള്ളയ്ക്കുവേണ്ടി വാദിക്കാൻ അനുവാദത്തിനപേക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിനു അനുവാദം കൊടുക്കാഞ്ഞതു് ഈ രാജ്യത്തിനു് ഒരു തീരാകളങ്കമായിപ്പോയി. ഇതിനെ സംബന്ധിച്ചു ഡയറക്ടർ ആഫ് ഇൻഫർമേഷൻ പ്രസിദ്ധംചെയ്ത സ്റ്റേറ്റുമെൻറു അദ്ദേഹത്തിന്റെ ബുദ്ധിസാമത്തിന്റെ ക്ഷാമം നന്നായിവെളിപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇവിടെ നല്ല വക്കീലന്മാരുള്ളപ്പോൾ പുറത്തുനിന്നും വക്കീലന്മാരെ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നാണ് അദ്ദേഹം ആ സ്റ്റേറ്റുമെൻറിൽ പ്രകടമാക്കിയ വാദമുഖം. ഇതിനുമുൻപു തിരുവിതാംകൂർ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിൽ സർ സി. പി. രാമസ്വാമിഅയ്യർ, അല്ലാടി കൃഷ്ണ സ്വാമിഅയ്യർ, സ്യൂജൻറ് ഗ്രാൻറ്, വെങ്കിട്ടരാമശാസ്ത്രി, ജാർജ് ജോസഫ് മുതലായ നല്ലനല്ല വക്കീലന്മാർ പല കേസുകൾക്കായി ഹാജരാവുകയും വക്കാലത്തു ഫയൽ ചെയ്യുകയും കേസുകൾ വാദിക്കയും ചെയ്തിട്ടുണ്ട്. കൊച്ചി ഹാർബർ സംബന്ധിച്ചും പെരിയാർ ജലത്തർക്കത്തെ സംബന്ധിച്ചും സർ സി. പി. രാമസ്വാമിഅയ്യർ തന്നെ തിരുവിതാംകൂർ ഗവണ്മെൻറിനുവേണ്ടി വാദിച്ചിട്ടുണ്ട്. നാം പണം കൊടുത്തിട്ടുണ്ട്. ഇതൊന്നും ഇവിടെ വേറെ നല്ല വക്കീലന്മാർ ഇല്ലാഞ്ഞിട്ടല്ലല്ലോ. ഒരു വക്കീലിനെ ഏൽപ്പിക്കുന്നതു കോടതിയുടെ യുക്തിയും താല്പര്യവും വിശ്വാസവും അനുസരിച്ചാണ്.

MR. K. P. KOCHUKORA TARAKAN : സർ, മിച്ചം കാണിക്കുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതിൽ ഫിനാൻഷ്യൽ സെക്രട്ടറി കാണിച്ചിരിക്കുന്ന പരിശ്രമത്തെ ഞാൻ അഭിനന്ദിക്കുന്നു. അങ്ങനെയവസാനത്തിൽ, മുൻ കൊല്ലത്തിലെ തോതനുസരിച്ചു നോക്കുന്നപക്ഷം, മിച്ചംവരുമെന്നു പ്രതീക്ഷിക്കുന്ന തുക കൂടുതൽ ചിലവായി കലാശിക്കുകയാണു പതിവു്. ഉദാഹരണമായി പറയുകയാണെങ്കിൽ കഴിഞ്ഞ കൊല്ലം എക്സൈസ് ഇനത്തിൽ നിന്നും ഒരു ലക്ഷം രൂപയുടെമേൽ ആദായം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിൽ ഒരു ലക്ഷത്തിൽപരം രൂപ ചെലവുചെയ്തു എക്സൈസ് ഡിപ്പാർട്ടുമെൻറിനെ റീ ആർഗനൈസ് ചെയ്തു. അതിൻറെ ഫലം വടക്കൻ തിരുവിതാംകൂറിലും ഫ്റാണ്ടിയറിലും ഉള്ള യോഗ്യന്മാരായ ആളുകളുടെ മര്യാദയേയും പൗരുഷത്തേയും ക്ഷതപ്പെടുത്തിയതല്ലാതെ തിരുവിതാംകൂറിലെ വരുമാനത്തിൽ ഒരു കൊച്ചുകാശു പോലും വർദ്ധിപ്പിക്കാൻ പര്യാപ്തമായിരുന്നില്ല. നേരേ മറിച്ചു പതിനായിരത്തോളം രൂപ മുതൽ ഇനത്തിൽനിന്നും കുറയുകയും ചെയ്തു. പുകയിലയാണ് സ്മഗ്ലിംഗ് നടത്തിക്കൊണ്ടിരുന്നതു്. അതുകൊണ്ട് അതിനെ തടയുന്നതിനു ഗവണ്മെൻറ് ധനവ്യയം ചെയ്തിട്ടും പതിനായിരം രൂപ നഷ്ടത്തിൽ കലാശിക്കയാണു ചെയ്തതു്. ഇങ്ങനെ പലയിനങ്ങളിലും ഫിനാൻഷ്യൽ സെക്രട്ടറി ചില പൂച്ചവിട്ടുകൾ കാണിച്ചിട്ടുണ്ടെങ്കിലും അതിനെപ്പറ്റി പറഞ്ഞു സമയം നഷ്ടപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിലെ പൊതുജനങ്ങളിൽ ൻറെ ശതമാനവും കൃഷിക്കാരാണ്. അവരുടെ കടഭാരത്തെ ഒഴിക്കുന്നതിനു് അവശ്യം വേണ്ട വ്യവസ്ഥകൾ ചെയ്യുക എന്നുള്ളതാണ് ഇന്നു തിരുവിതാംകൂറിലെ ഏറ്റവും പ്രധാനമായ ആവശ്യം. പഴയ ലാമെംബ്രൻ ഇപ്പോഴത്തെ ലഗൽ റിമെബ്രൻസറും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

ഏതെങ്കിലും നിയമത്തെ സംബന്ധിച്ച് വാദപ്രതിവാദം നടത്തുമ്പോൾ ബ്രിട്ടിഷ് ഇൻഡ്യയിലെ നിയമം അതാണെന്നും അതിൽനിന്നും ഒരു പുള്ളിയൊ വിസർഗമോ മാറാൻ മാർഗ്ഗമില്ലെന്നും ശഠിക്കുമ്പോൾ മദ്രാസിലെ കടനിവാരണബില്ലിനെ അതേ രീതിയിൽ ഇവിടെ പകർത്താനുള്ള ഉത്സാഹം ഉള്ളതായി കാണുന്നില്ല. ജനപ്രതിനിധികൾ പല മാർഗ്ഗങ്ങളിലുംകൂടി, ഡെപ്യൂട്ടേഷൻ വഴിയായും മറും, ഈ സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ ഇപ്പോഴും കൊണ്ടുവരുന്നുണ്ട്. ഡെപ്യൂട്ടേഷനു പറഞ്ഞ മറുവടി, എന്റെ അറിവ് ശരിയാണെങ്കിൽ, ജനഭാഗത്തുനിന്നും ഒരു ബില്ലുകൊണ്ടുവരുവാൻ ഉപദേശിച്ചിരിയ്ക്കുന്നു എന്നാണ്. ജനഭാഗത്തുനിന്നും ഒരു ബില്ലു വരുത്തി മാത്രമെ കടനിവാരണം വരുത്താൻ പാടുള്ളു എന്ന നിർബന്ധമുണ്ടോ? എന്തുകൊണ്ട് ഗവണ്മെൻറ് ഒരു ബിൽ കൊണ്ടുവരുന്നില്ല എന്നാണു ഞാൻ ചോദിയ്ക്കുന്നത്. ഇവിടത്തെ മുതലെടുപ്പ് തിരുവിതാംകൂറിലെ കൃഷിക്കാരുടെ വിയർപ്പുതുള്ളി കൊണ്ടുണ്ടാകുന്നതാണു. വ്യവസായത്തിന്റെ പുരോഗതി കൃഷിയെ ആസ്പദമാക്കിയിരിക്കുന്നു. കച്ചവടത്തിന് സാധനം കൃഷിക്കാർ തന്നെ കൊടുക്കണം. തിരുവിതാംകൂറിൽ ഇന്നു നാം കാണുന്ന സകല ആഡംബരങ്ങളിലേക്കും ചെലവു ചെയ്യുന്ന പണം കൃഷിക്കാരുടെ പ്രയത്നഫലമാണ്. അവരുടെ ഭാരം കുറച്ചില്ലെങ്കിൽ ഒന്നും മുന്നോട്ടു പോവുകയില്ല. കൃഷി ഡിപ്പാർട്ടുമെൻറ് ഒരു മൈനർ ഡിപ്പാർട്ടുമെൻറായി തള്ളിയിട്ടിരിക്കയാണ്. കൃഷി ഡയറക്ടരെ കുറും പറയുവാൻ ഞാൻ തയ്യാറില്ല. അദ്ദേഹത്തിന് ഫണ്ടു് വേണ്ടതു കൊടുക്കുകയും അദ്ദേഹത്തിനെക്കൊണ്ട് വേണ്ടതു് പ്രവൃത്തിപ്പിക്കയും ചെയ്യേണ്ടതു ഗവണ്മെൻറിന്റെ കടമയാണ്. കൃഷിയെ പോഷിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ ഡിപ്പാർട്ടുമെൻറ് വേണ്ടാഎന്നു വയ്ക്കുന്നതു കുറെക്കൂടി നന്നായിരിക്കും. ഇവിടെ വളരെക്കാലത്തെ പഴക്കം ചെന്ന ഒരു കൃഷി ഡിപ്പാർട്ടുമെൻറുണ്ട്. എന്നു തിരുവിതാംകൂറിനു വെളിയിൽ ഉള്ളവരെ മനസ്സിലാക്കുന്നതിനുമാത്രം പര്യാപ്തമാക്കിത്തീർത്തു വച്ചിരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറു സംരക്ഷിക്കേണ്ട വല്ല ആവശ്യവുമുണ്ടോ? ഡയറക്ടർ എത്ര സമർത്ഥനായിരുന്നാലും പണമില്ലാതെ അദ്ദേഹം ജോലി നടത്തുന്നതു എങ്ങിനെയാണ്.

എൻജിനീയർ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് എനിക്കു ചിലതു് പറയുവാനുണ്ട്. തിരുവിതാംകൂർ എന്നുവെച്ചാൽ എന്താണെന്നു മനസ്സിലാക്കാൻ സാധിക്കാത്ത, അല്ലെങ്കിൽ മനസ്സിലാക്കാത്ത ഒരാളിനെ ചീഫ് എഞ്ചിനീയരായി ഇവിടെ വച്ചിട്ടുണ്ട്. അദ്ദേഹം ട്രാവലിംഗ്

LIBRARY ARCHIVES Kerala Legislative Assembly

